## സബ്മിഷൻസ്

### വിളർച്ചാ രോഗത്തിനുള്ള മരുന്ന്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സംസ്ഥാനത്തെ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായ അയൺ ഗുളിക വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കണമെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം രക്ഷിതാക്കളിലും ആരോഗ്യ പ്രവർത്തകരിലും ആശങ്കയുളവാക്കിയിരിക്കുകയാണ്. ഒറ്റ നോട്ടത്തിൽ ഇത് കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള നടപടിയാണെന്ന് തോന്നുമെങ്കിലും വിതരണം ചെയ്യുന്ന ഗുളികയുടെ മുഖ്യ ചേരുവ ആരോഗ്യത്തിന് ഏറെ ഹാനികരമാകുന്ന ഇരുമ്പുപൊടിയാണെന്നുള്ള വസ്തുത ഗവേഷകർ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. ഗുളികകൾക്കുമേൽ കാന്തം കാണിച്ചാൽ ഗുളികകൾ അതിൽ ചാടി പിടിക്കുന്നത് എനിക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ ഇരുമ്പുപൊടി ഗുളികയാണ് എല്ലാ കുട്ടികളും കഴിക്കണമെന്ന് നിർബന്ധിക്കുന്നതെങ്കിൽ കേരളത്തിലെ പുതിയ തലമുറയുടെ ആരോഗ്യം അമ്പേ ക്ഷയിക്കാനാണ് സാധ്യത. വിളർച്ചാ രോഗമുള്ള കുട്ടികൾക്കാണ് ഗുളിക നൽകുന്നതെന്ന് പറയുന്നുണ്ടങ്കിലും യാതൊരു പരിശോധനയും കൂടാതെ മുഴുവൻ കുട്ടികളെയും നിർബന്ധിച്ച് ഗുളിക കഴിപ്പിക്കാനാണ് നീക്കം. കുട്ടികളെ ഇതിന് നിർബന്ധിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർ ഗുളിക സേവിച്ച് കാണിച്ചുകൊടുക്കണമെന്നും പറയുന്നു. ഇതെല്ലാം ഈ പദ്ധതി മറ്റെന്തെങ്കിലും ലക്ഷ്യത്തോടുകൂടിയാണോ എന്ന സംശയം ഉളവാക്കുന്നു. വൻകിട ഔഷധ കമ്പനികളുടെ സ്വാധീനത്തിലോ സമ്മർദ്ധത്തിലോ വശംവദരായി ആരെങ്കിലും ഈ പദ്ധതിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധി

ക്കണം. ഇരുമ്പുപൊടി അടങ്ങിയ ഗുളിക മഹാരാഷ്ട്ര സംസ്ഥാനത്ത് നിരോധിക്കപ്പെട്ടതായാണ് അറിയാൻ കഴിഞ്ഞത്. പോഷകാഹാരക്കുറവാണ് വിളർച്ചാ രോഗത്തിന്റെ പ്രധാന കാരണം. അത് പരിഹരിക്കാൻ മുഴുവൻ കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് സർക്കാരിന്റെ ചുമതല. അതല്ലാതെ യാതൊരു പരിശോധനയും കൂടാതെ മുഴുവൻ കുട്ടികളെയും പാർശ്വഫലങ്ങൾ ഉളവാക്കുന്ന ഗുളിക നിർബന്ധിപ്പിച്ച് കഴിപ്പിക്കുന്നതല്ല ശരി. അതുകൊണ്ട് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള നിർബന്ധിത ഗുളിക തീറ്റിക്കൽ പദ്ധതി പുന:പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ ഇത്രയും സമയമെടുക്കരുത്. ഇത് വളരെ കൂടുതലാണ്. ചുരുക്കി പറയണം. ...........രണ്ട് സബ്മിഷന്റെ സമയമെടുത്തു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നമ്മുടെ രാജ്യത്ത് വിളർച്ചാരോഗം ഒരു ഗുരുതരമായ പൊതുജനാരോഗ്യ പ്രശ്നമായി നിലനിൽക്കുകയാണ്. വിളർച്ച സ്ത്രീകളുടെയും കുട്ടികളുടെ ജീവിതകാലം മുഴുവൻ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിളർച്ചരോഗം അവരുടെ വളർച്ച, വിദ്യാഭ്യാസത്തിലുള്ള കഴിവ്, ശാരീരിക പ്രവർത്തി എന്നിവയെ ബാധിക്കുകയും സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിക്കാൻ കാരണമാവുകയും ചെയ്യുന്നുണ്ട്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഗർഭാവസ്ഥയിലുള്ള വിളർച്ച പ്രായം തികയാതെയുള്ള പ്രസവത്തിനും ഭാരം കുറഞ്ഞ നവജാതശിശുക്കളുണ്ടാകുക, അമ്മമാർക്ക് മരണം സംഭവിക്കുക എന്നതിലും കലാശിക്കുന്നു. രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് കുറയുന്ന

താണ് വിളർച്ച രോഗം. കൗമാരപ്രായമാണ് വിളർച്ച രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ട ഉത്തമമായ സമയം. ആഹാരത്തിൽ അയണിന്റെ ലഭ്യത കുറയുന്നതാണ് വിളർച്ചരോഗത്തിന്റെ ഒരു പ്രധാന കാരണം. വിളർച്ച രോഗം തടയുന്നതിനുവേണ്ടിയാണ് ആഴ്ചയിൽ ഒരു ദിവസം അയൺ ഫോളിക്ക് ആസിഡ് ഗുളികകൾ നൽകുന്നത്. ഗർഭിണികളായ സ്ത്രീകൾ ഗർഭകാലത്തിന്റെ തുടക്കം മുതൽ ദിവസവും കഴിക്കുന്ന ഈ ഗുളികകൾ ഗുണമല്ലാതെ യാതൊരു ദോഷഫലങ്ങളും ഉണ്ടാക്കുന്നില്ല എന്നുള്ളതാണ് ഇതുവരെയുള്ള അഭിപ്രായം. അയൺ ഫോളിക്ക് ആസിഡ് ഗുളികകൾ ആഴ്ചതോറും നൽകി കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥികളുടെ വിളർച്ച രോഗം തടയുന്നത് കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് വളരെയധികം സഹായിക്കുന്നു. ഈ പദ്ധതിക്കെതിരെ ഉയർന്നുവരുന്ന ആശങ്കൾ അടിസ്ഥാനരഹിതമാണ്. ഒരു ദേശീയ പൊതുജനാരോഗ്യ പരിപാടിയുടെ ഭാഗമായ ഈ പദ്ധതി തുടങ്ങുന്നതിന് മുമ്പ് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതു സംബന്ധിച്ച വിശദമായ അവബോധം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ നടത്താൻ ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതൊരു കേന്ദ്ര പദ്ധതിയാണ്. ഏഴു സംസ്ഥാനങ്ങളിൽ ഈ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇതിനകത്ത് എന്തെങ്കിലും ഉത്കണ്ഠയുണ്ടെങ്കിൽ അവ പരിഹരിച്ചതിനുശേഷമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.

## <u>പ്രകൃതി വാതക പൈപ്പ്ലൈൻ സ്ഥാപിക്കൽ</u>

ശ്രീ. ഇ. പി. ജയരാജൻ: സർ, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് കേരളത്തിലെ ഏഴു ജില്ലകളിലെ കൃഷിക്കാരിലും ഭൂവുടമകളിലും അത്യന്തം ഉത്കണ്ഠാകുലമായ സാഹചര്യമുണ്ടായിരിക്കുകയാണ്. വ്യാവസായിക വികസനത്തിന് പ്രകൃതി വാതകം ആവശ്യമാണ്. പക്ഷേ, അതിന് പാവപ്പെട്ട കൃഷിക്കാരെ ദ്രോഹിക്കരുത്, ബുദ്ധിമുട്ടിക്കരുത്, അവരെ പീഡിപ്പിക്കരുത്. 914 കിലോമീറ്റർ നീളം വരുന്ന പൈപ്പ്ലൈനിൽ 505 കിലോമീറ്റർ ദൂരം  കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, എറണാകുളം എന്നീ ഏഴു ജില്ലകളിലൂടെ കടന്നുപോകുന്നുണ്ട്. മാംഗ്ലൂർ അതുപോലെ ബാംഗ്ലൂർ എന്നീ രണ്ടു പ്രദേശങ്ങളിലേയ്ക്ക് കൊച്ചിയിൽ നിന്നാണ് പൈപ്പ് ലൈൻ പോകുന്നത്. അത് പാലക്കാട് ജില്ലയിലെ കൂറ്റനാട് നിന്ന് രണ്ടായി പിരിഞ്ഞുപോകുകയാണ്. ഇപ്പോഴുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ഈ ഭൂമിയുടെ ഏതാണ്ട് 80 ശതമാനം വയലുകളാണ്, 87 ശതമാനം വനഭൂമികളാണ്, 71 കിലോമീറ്റർ ചുറ്റളവിൽ വീടുകളും സ്കൂളുകളും വ്യാപാരസ്ഥാപനങ്ങളും കെട്ടിടങ്ങളുമാണ്. ഏതാണ്ട് 120 കിലോമീറ്റർ ദൂരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തിനു സമീപത്തുകൂടിയാണ് ഈ പൈപ്പ്ലൈൻ കടന്നുപോകുന്നത്. ഇതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്ന കമ്പനിക്കാർ ഭൂവുടമകളെയും കൃഷിക്കാരെയും സർക്കാരിനെ ഉപയോഗിച്ച് ഭയപ്പെടുത്തികൊണ്ട് ഭൂമിക്ക് ന്യായവില കൊടുക്കാതിരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 1972-ലെ വില നിശ്ചയിച്ചുകൊണ്ടാണ് ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് മറ്റുതരത്തിൽ ഉപകരിക്കത്തക്ക നിലയിലുള്ളതല്ല

പൈപ്പ് ലൈൻ പദ്ധതിയുടെ ഇപ്പോഴത്തെ പ്രോജക്ട്. ഇത് മാംഗ്ലൂർ റിഫൈനറി & പെട്രോകെമിക്കൽസ്, കുതിർമുഖ് അയൺ ഓർ ലിമിറ്റഡ്, മഹാനദി കോൾ ഫിൽ ലിമിറ്റഡ് എന്നീ മൂന്ന് പ്രധാനപ്പെട്ട കൂറ്റൻ കമ്പനികൾക്കുവേണ്ടിയാണ്. ഈ വൻകിട കമ്പനികൾ കോടിക്കണക്കിന് രൂപ അറ്റാദായമുണ്ടാക്കുന്ന കോർപ്പറേറ്റഡ് വൻകിട സ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെ ലാഭങ്ങളിൽ നിന്ന് ഒരു ചെറിയ ശതമാനം കൊടുത്താൽ ഈ പ്രദേശങ്ങളിലൂടെ കൊണ്ടുപോകാൻ സാധിക്കും. കൃഷിയിടങ്ങൾ, പത്തും അമ്പതും അറുപതും സെന്റുള്ള ഭൂമിയുള്ളവരുടെ റബ്ബർത്തോട്ടങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, അവരുടെ വീടുകൾ എല്ലാം പൊളിച്ചുനിരപ്പാക്കിക്കൊണ്ടാണ് ഈ ലൈൻ പോകുന്നത്. 1972-ലെ നിയമമനുസരിച്ചുള്ള 10 ശതമാനം വിലയാണ് ഭൂമിക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഈ 10 ശതമാനത്തിന്റെ 30 ശതമാനനവും കൂടി ചേർത്തുള്ള വില നൽകാമെന്നാണ് ഇപ്പോൾ അവർ പറയുന്നത്. അങ്ങനെയാണെങ്കിൽ ഒരു ലക്ഷം രൂപയുടെ ഭൂമിക്ക് 13000 രൂപയാണ് കിട്ടുക. ആ പണം കൊടുത്താലും നഷ്ടപ്പെടുന്ന ഭൂമിയുടെ പത്തുശതമാനം ഭൂമി കേരളത്തിൽ വാങ്ങാൻ കഴിയില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഭൂമി ഏറ്റെടുക്കണമെങ്കിൽ നാട്ടിൽ നിലനിൽക്കുന്ന വില കൊടുക്കണം. ആ വില വാങ്ങിക്കൊടുക്കണം. കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ അതിന്റെ വില കൊടുക്കണം. പുതിയ കെട്ടിടം പൊളിച്ചുമാറ്റി അതിന് ചെറിയ തുക കൊടുത്തിട്ട് എന്തു കാര്യമാണുള്ളത്. കണ്ണൂർ വിമാനത്താവളത്തിനുവേണ്ടി ഭൂമി നൽകിവർക്ക് കൊടുത്ത ഒരു പാക്കേജുണ്ട്. ഭൂമി കൊടുത്താൽ അത്രയും ഭൂമി കൃഷിക്കാരന് വാങ്ങാൻ കഴിയണം. നാട്ടിൽ നിലവിലുള്ള വിലയ്ക്ക് ഭൂമി ഏറ്റെടുത്താൽ മാത്രമെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കൂ. അതു

കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കൃഷിക്കാർക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, GAIL-ന്റെ ഈ പദ്ധതി നമുക്ക് ഏറ്റവും ആവശ്യമാണ്, അത് വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് അത് അനിവാര്യമായ ഘടകമാണ്. എറണാകുളത്ത് 42 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. വൈദ്യുതി ബോർഡ് ബ്രഹ്മപുരത്ത് ഒരു പവർ യൂണിറ്റിനുള്ള തയ്യാറെടുപ്പിലാണ്. കൊച്ചിയിലെ ഏഴെട്ട് ഫാക്ടറികൾക്ക് ഈ ഗ്യാസ് ഉപയോഗിക്കാൻ സാധിക്കും. വീടുകളിലേയ്ക്ക് ഗ്യാസ് കൊടുക്കുന്ന സിസ്റ്റം ഇതിൽ കൂടി നടപ്പിലാക്കാൻ കഴിയുമോ എന്നുള്ളത് പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. വ്യവസായ സ്ഥാപനങ്ങൾക്കും ഗാർഹിക ആവശ്യങ്ങൾക്കും ഇത് അനിവാര്യമാണ്. മംഗലാപുരത്തോ ബാംഗ്ലൂരിലോ ഉള്ള ഏതെങ്കിലും വൻകിട കമ്പനികാർക്ക് കിട്ടുന്നില്ല എന്ന് ഞാൻ പറയുന്നില്ല. പക്ഷേ, നമ്മുടെ നാട്ടിൽ വൻകിട കമ്പനികൾക്കും ഗാർഹികാവശ്യങ്ങൾക്കും ചെറുകിടക്കാർക്കുമൊക്കെ പ്രയോജനപ്പെടുന്ന വിധത്തിൽ നമുക്ക് ഇത് വിനിയോഗിക്കണം. അർഹമായിട്ടുള്ള കോമ്പൻസേഷൻ കിട്ടണമെന്നു അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഇത് അക്വസിഷനല്ല, ROU (Right of use) ഉപയോഗത്തിന്റെ ആവശ്യത്തിനുമാത്രമെടുക്കുന്നതാണ്. ഈ ഭൂമി വിലയ്ക്കെടുക്കുന്നില്ല, അത് അവർക്കുതന്നെ വിനിയോഗിക്കാം. ആകെ കൂടി പൈപ്പിടുന്ന സ്ഥലത്ത് വീടോ കെട്ടിടമോ വയ്ക്കാൻ കഴിയില്ല, ബാക്കിയുള്ള എല്ലാ ആവശ്യങ്ങൾക്കും ആ ഭൂമി വിനിയോഗിക്കാൻ സാധിക്കും. മറ്റു

സംസ്ഥാനങ്ങളിൽ ഭൂമിയെടുക്കുന്ന സിസ്റ്റം ഇവിടെ പറ്റില്ല എന്ന് അവരെ അറിയിച്ചു, രണ്ടുമൂന്നു വട്ടം ഇക്കാര്യം ചർച്ച ചെയ്തു, ഞാനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. ആര്യാടൻ മുഹമ്മദുമെല്ലാം അവരുമായി സംസാരിച്ചു. അവർ ഇപ്പോൾ കേരളത്തിനുവേണ്ടി മാത്രം പ്രത്യേകം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 30 മീറ്റർ വീതിയിലാണ് സ്ഥലം എടുത്തുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അത് 10 മീറ്ററാക്കി ചുരുക്കി. പക്ഷേ, വൻകിട വാഹനങ്ങൾ കയറിപോകണം, അതുകൊണ്ട് തുടക്കത്തിൽ 20 മീറ്റർ ആവശ്യമുണ്ട്. അതു കഴിഞ്ഞ് പൈപ്പിട്ടുകഴിഞ്ഞാൽ 10 മീറ്ററിന്റെ പ്രശ്നം മാത്രമേയുള്ളൂ, ബാക്കിയുള്ള സ്ഥലത്ത് വീടു വയ്ക്കുകയോ കെട്ടിടം വയ്ക്കുകയോ എന്തുവേണമെങ്കിലും ചെയ്യാം. 10 മീറ്ററിൽ കൃഷി മാത്രമെ ചെയ്യാൻ കഴിയൂ. അപ്പോൾ മറ്റു സ്ഥലങ്ങളിലുണ്ടായിരുന്ന 30 മീറ്റർ എന്നത് ഇവിടെ 10 മീറ്ററായി ചുരുങ്ങി. ആ 10 മീറ്ററിനുതന്നെ പത്തുശതമാനം തുകയാണ് മറ്റു സ്റ്റേറ്റുകളിൽ കൊടുക്കുന്നത്. ഇവിടെ മുപ്പതു ശതമാനം തുക നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. 10 മീറ്റർ സ്ഥലത്ത് ഏതെങ്കിലും മരങ്ങൾ വെട്ടിമാറ്റുകയോ കെട്ടിടങ്ങൾ മാറ്റുകയോ ചെയ്യുകയാണെങ്കിൽ അതിന്റെ കോമ്പൻസേഷനും നൽകും. അങ്ങനെയാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഏതായാലും ജനങ്ങളുടെ ആവശ്യവും കേരളത്തിന്റെ പ്രത്യേക സാഹചര്യവും കണക്കിലെടുക്കും. ഭൂമിയാണ് ഇവിടെത്തെ ഏറ്റവും വലിയ പ്രശ്നം, അതിന് പരമാവധി ശ്രദ്ധ കൊടുക്കും, പരമാവധി സഹായം വാങ്ങിക്കൊടുക്കാൻ ശ്രമിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

## നിർമ്മിതി കേന്ദ്രം

ശ്രീ. കെ. മുരളീധരൻ : സർ, നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം കുറേക്കാലമായി ആശാവഹമായ രീതിയിലല്ല നടന്നു വരുന്നത് എന്നു പറയേണ്ടിയിരിക്കുന്നു. ആരംഭകാലത്ത് നിർമ്മിതി കേന്ദ്രങ്ങൾ സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ ഒരാവേശമായി മാറിയിരുന്നു. നവീന കെട്ടിട നിർമ്മാണ രീതികളുടെ പര്യായപദം തന്നെയായി നിലനിന്ന നിർമ്മിതി ഇന്ന് വെറും ഒരു സർക്കാർ സ്ഥാപനത്തിന്റെ കെട്ടും മട്ടുമുള്ള വെള്ളാനയായി മാറുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നിർമ്മാണ രംഗത്ത് സംസ്ഥാനം വൻ പുരോഗതിക്ക് സാക്ഷ്യം വഹിക്കുന്ന ഈ കാലഘട്ടത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ഈ മേഖലയിൽ കാര്യമായ സ്വാധീനം തെളിയിക്കാൻ കഴിയുന്നില്ല എന്നത് തികച്ചും ദൗർഭാഗ്യകരമാണ്. നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാനമന്ദിരം എന്റെ നിയോജക മണ്ഡലത്തിലെ പി.റ്റി.പി. നഗറിലാണ് പ്രവർത്തിക്കുന്നത്. ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന ക്യാമ്പസിന്റെ നിർജ്ജീവാവസ്ഥ സ്ഥാപനത്തിന്റെ മൊത്തം പ്രവർത്തനത്തിന് ദർപ്പണമാണെന്നുതന്നെ കാണാം. ഇവിടെ കോടികൾ മുടക്കി നിർമ്മിച്ച നിരവധി കെട്ടിടങ്ങൾ വെറുതെ കിടന്ന് നശിക്കുകയാണ്. ഒരു മാതൃകാ നാലുകെട്ടുള്ളത് പഴയ സാധനങ്ങൾ സൂക്ഷിക്കുവാനുള്ള സ്ഥലമായി മാറിയിരിക്കുന്നു. ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിച്ച് വർഷങ്ങളായി വെറുതെ കിടക്കുന്നു. ഇവിടെ ആവശ്യമായ പഠന ഗവേഷണ പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല എന്നുള്ളതാണ് ഒരു ജനപ്രതിനിധി എന്നുള്ളനിലയിൽ എനിക്ക് പറയുവാനുള്ളത്. അതോടൊപ്പംതന്നെ ജീവനക്കാരും പൊതുവെ അസംതൃപ്തരാണ്. ശമ്പള പരിഷ്ക്കരണ ഉത്തരവ് നടപ്പാക്കിയിട്ടില്ല.

മാത്രമല്ല അർഹരായിട്ടുള്ളവർക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നില്ലെന്ന പരാതിയും വ്യാപകമായിട്ടുണ്ട്. ഇതിനുപുറമെ ഇ.പി.എഫ്., നിലവിലുള്ള പെൻഷൻ പ്രായം 58 ആക്കണമെന്ന ആവശ്യമാണ് ജീവനക്കാർക്കുള്ളത്. ജീവനക്കാരുടെ നിയമനരീതിയും പരിശോധനയ്ക്ക് വിധേയമാകേണ്ടിയിരിക്കുന്നു. രണ്ട് ദശാബ്ദങ്ങൾക്കു മുമ്പ് നിർമ്മിതി എന്നാൽ സംസ്ഥാനത്തെ ഒരു ഫാഷൻ ബ്രാന്റ് നെയിം ആയിരുന്നു. ലാറി ബേക്കർ രൂപം കൊടുത്ത നവീനവും ചെലവ് കുറഞ്ഞതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ നമുക്ക് പരിചയപ്പെടുത്തിയത് ഈ സ്ഥാപനമാണ്. ഇന്ന് പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന കെട്ടിട നിർമ്മാണ രംഗത്ത് ഒരു പുതുചൈതന്യമായി സംസ്ഥാനത്തിലെ നിർമ്മിതി കേന്ദ്രം മുന്നോട്ടു വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ സാഹചര്യത്തിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ രൂപഘടനയും പ്രവർത്തനങ്ങളും പുന:സംഘടിപ്പിച്ച് ഗുണപരമായ മാറ്റം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള പ്രതിസന്ധിയൊന്നും നിർമ്മിതി കേന്ദ്രം അഭിമുഖീകരിക്കുന്നില്ല. പക്ഷേ, ഒരു കാര്യത്തിൽ ഞാൻ യോജിക്കുന്നു. ഈ നിർമ്മിതി കേന്ദ്രം ലാറി ബേക്കർ ആവിഷ്ക്കരിച്ച കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് കുറഞ്ഞ ചെലവിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്ന ഒരു നല്ല ഓർഗനൈസേഷനാണ്. ഇതിനെ ബലപ്പെടുത്തുകയും പുന:സംവിധാനം ചെയ്യുകയും

പുന:സംഘടിപ്പിക്കുകയും ചെയ്യണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എങ്ങനെ ഇതിനെ കൂടുതൽ ബലപ്പെടുത്താം എന്നുള്ള കാര്യങ്ങളെപ്പറ്റി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

## ഒല്ലൂരിൽ സബ്ട്രഷറി

ശ്രീ. എം. പി. വിൻസെന്റ് : സർ, ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒരു സബ്ട്രഷറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ഒല്ലൂരിനെ സംബന്ധിച്ചിടത്തോളം മണ്ണുത്തി, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി തുടങ്ങിയ ധാരാളം സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥലമായതുകൊണ്ട് ഒല്ലൂർ കേന്ദ്രീകരിച്ച് ഒരു സബ്ട്രഷറി വേണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഇവിടെ അവതരിപ്പിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, സബ്ട്രഷറീസ് സാധാരണ താലൂക്ക് കേന്ദ്രങ്ങളിലാണ് കൊടുക്കുന്നത്. എല്ലായിടത്തും ഇങ്ങനെ സബ്ട്രഷറി സ്ഥാപിക്കുന്നത് ബുദ്ധിമുട്ടാണ്. തൃശ്ശൂരിൽ പുതുക്കാട്, ചേർപ്പ് എന്നീ സ്ഥലങ്ങളിൽ സബ്ട്രഷറിയും തൃശ്ശൂരിൽ അഡീഷണൽ സബ്ട്രഷറിയുമുണ്ട്. ഇതെല്ലാം എട്ട് കിലോമീറ്ററിനുള്ളിലാണ്. അതുമാത്രമല്ല, ഒല്ലൂർ എന്നു പറഞ്ഞാൽ തൃശ്ശൂരിനോട് തൊട്ടടുത്താണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ താല്പര്യം ഞാൻ മനസ്സിലാക്കുന്നു. അതെന്റെ മനസ്സിലുമുണ്ട്. പക്ഷേ, ഇപ്പോൾ ഞാന

തിനെപ്പറ്റിയുള്ള പ്രഖ്യാപനമൊന്നും നടത്തുന്നില്ല. എട്ട് കിലോമീറ്ററിനകത്ത് ഇനി ഒന്നുകൂടി വേണോ വേണ്ടയോ എന്നുള്ളത് നമുക്ക് ഒരുമിച്ചിരുന്ന് ആലോചിക്കാം. ആലോചിക്കുമ്പോൾ മിക്കവാറും വേണ്ട എന്ന് ബഹുമാനപ്പെട്ട മെമ്പറിനുതന്നെ ബോധ്യമാകും. ഏതായാലും ഇതിനെപ്പറ്റി ആലോചിക്കാം.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട പതിനായിരക്കണക്കിന് സ്ത്രീകൾ ഇന്ന് നിയമസഭാ സെക്രട്ടേറിയറ്റിന്റെ മുന്നിലേക്ക് മാർച്ച് ചെയ്ത് വന്നിരിക്കുകയാണ്. കേരളത്തിലെ 22 ലക്ഷം കുടുംബങ്ങൾ ഇന്ന് തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നൂറ് ദിവസം ജോലി ലഭ്യമാക്കണമെന്നാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇന്ന് പത്ത് ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് നൂറ് ദിവസം ജോലി കേരളത്തിൽ ലഭിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും പാവപ്പെട്ട തൊഴിലാളികളായ സ്ത്രീകളുടെ പ്രശ്നത്തിൽ തീരെ താല്പര്യമെടുക്കുന്നില്ല എന്ന അനുഭവമാണ് ഇപ്പോഴുള്ളത്. നഗരപ്രദേശങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ച അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിക്കായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അടിയന്തരമായി ഇതിനുള്ള നടപടികൾ ആരംഭിക്കണം. രൂക്ഷമായ വിലക്കയറ്റം അനുഭവിക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിൽ 164 രൂപയാണ് പ്രതിദിനം കൂലി ലഭിക്കുന്നത്. ഇത് വർദ്ധിപ്പിക്കണം. ഫാം തൊഴിലാളികൾക്ക് ഇപ്പോൾ 320 രൂപ കൂലി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് മിനിമം കൂലിയാണ്. അതുകൊണ്ട് മിനിമം കൂലി 320

രൂപയാക്കണമെന്നുള്ള ആവശ്യമാണ് ഇപ്പോൾ ഉയർന്നു വന്നിട്ടുള്ളത്. അത് തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട ആളുകൾക്കും ബാധകമാക്കണം. ജോലി ചെയ്യുന്നത് സ്ത്രീകളായതുകൊണ്ട് ഇവരുടെ ജോലി സമയം മാറ്റണം. രാവിലെ 9 മണി മുതൽ വൈകിട്ട് നാലു മണിവരെ ആക്കുമെന്ന് നേരത്തെ ഇവിടെ പ്രഖ്യാപിച്ചിരുന്നു. ആ പ്രഖ്യാപനം ഇതുവരെ നടപ്പിലാക്കിയതായി കാണുന്നില്ല. അത് അടിയന്തരമായി നടപ്പിലാക്കണം. വരൾച്ച ബാധിത സംസ്ഥാനമായി കേരളം പ്രഖ്യാപിച്ചു. ദേശീയ തലത്തിൽ വരൾച്ചാ ബാധിത പ്രദേശമായ സംസ്ഥാനങ്ങളിലെല്ലാം 150 ദിവസം കുറഞ്ഞ ജോലി കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചതായിട്ടുള്ള വാർത്ത ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഇതിനനുസരിച്ചുള്ള നടപടി ഇവിടെ സ്വീകരിക്കണം. കേരളത്തിൽ 200 ദിവസമെങ്കിലും ഈ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട ആളുകൾക്ക് ജോലി നൽകാൻ കഴിയുമോ? അതിനാവശ്യമായ വിധത്തിൽ വ്യവസ്ഥകളിൽ മാറ്റം വരുത്തണം. കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുത്താൽ 200 ദിവസം ഇവർക്ക് ജോലി കൊടുക്കാൻ സാധിക്കും. അതിനായി ഈ പദ്ധതിയിൽ ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തണം. അതോടൊപ്പംതന്നെ ഇവർക്കൊരു ക്ഷേമനിധി/ഒരു ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുവാനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിക്കണം. ഈ തൊഴിലുറപ്പ് പദ്ധതിയിൽപ്പെട്ട ആളുകൾക്ക് 35 കിലോ അരി പ്രതിമാസം ഒരു രൂപ നിരക്കിൽ നൽകാനുള്ള ഒരു പദ്ധതിക്കും ഗവൺമെന്റ് രൂപം കൊടുക്കണം. അതോടൊപ്പംതന്നെ തൊഴിലിടങ്ങളിൽ ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാകണം. ശുദ്ധജലം, ഫസ്റ്റ് എയ്ഡ് സൗകര്യം, അവരുടെ പിഞ്ചു കുഞ്ഞുങ്ങൾക്ക് വിശ്രമിക്കാനുള്ള സൗകര്യം മുതലായവ തൊഴിലുറപ്പ് പദ്ധതി

യിൽപ്പെട്ട സ്ത്രീകൾക്ക് ചെയ്തു കൊടുക്കണം. ആഴ്ചയിൽ അല്ലെങ്കിൽ 14 ദിവസത്തിൽ ഒരിക്കലെങ്കിലും കൂലി ലഭ്യമാകുന്ന സ്ഥിതി ഉണ്ടാകണം. പല പ്പോഴും മാസങ്ങളായി കൂലി കിട്ടുന്നില്ല എന്നുള്ള സ്ഥിതി വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അടിയന്തരമായ നടപടി സ്വീകരിക്കണ മെന്നതാണ് തൊഴിലുറപ്പ് പദ്ധതിയിലെ കുടുംബങ്ങൾ ആവശ്യപ്പെടുന്നത്. ഈ പ്രശ്നം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കണം. ബഹുമാന പ്പെട്ട മന്ത്രി ശ്രീ. കെ. സി. ജോസഫ് ഇക്കാര്യത്തിൽ മുൻകൈ എടുത്ത് പ്രവർത്തിക്കണമെന്നു ഞാൻ പ്രത്യേകം ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലുറപ്പ് പദ്ധതി സ്വതന്ത്ര ഇന്ത്യയുടെ ഏറ്റവും വിപുലമായ പദ്ധതിയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നോംസാണ് നമുക്ക് ബാധകമായിട്ടുള്ളത്. 18 വയസ്സ് പൂർത്തിയായ അംഗങ്ങളുള്ള ഏത് കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 അൺസ്കിൽഡ് ജോലി എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്താൽ 15 ദിവസത്തിനുള്ളിൽ ജോലി നൽകണ മെന്നും തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനകം ജോലി കൊടുത്തില്ലെ ങ്കിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹരാവും. അദ്ദേഹം ചൂണ്ടിക്കാണി ച്ചതുപോലെ എം.ജി.എൻ.ആർ.ഇ.ജി.എസ്.ന്റെ കൂലി പരമാവധി 14 ദിവസ ത്തിനകം കൊടുത്തിരിക്കണം. ഇപ്പോൾ പലയിടത്തും ഇത് നൽകാൻ സാധി ക്കാത്തതിൽ ആക്ഷൻ ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് സജീവമായി പരിഗ ണിച്ചുകൊണ്ടിരിക്കുകയാണ്. കൂലി വിതരണം സമയബന്ധിതവും കാര്യക്ഷ

മവുമാക്കുന്നതിനായി ഇലക്ട്രോണിക് ഫണ്ട് മാനുവൽ സിസ്റ്റം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അത് പൂർത്തിയായി കഴിഞ്ഞാൽ തീർച്ചയായും സമയത്ത് കൂലി കൊടുക്കാൻ സാധിക്കും. അടുത്തതായി ഇൻഷുറൻസ് കവർ ചെയ്യുന്ന കാര്യമാണ് പറഞ്ഞത്. തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും ജോലി എടുത്ത തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യ ഭീമാ യോജന (ആർ.എസ്.ബി.വൈ) പദ്ധതി പ്രകാരം ഇൻഷ്വറൻസ് കൊടുക്കുന്നുണ്ട്. അതിനു പുറമെ അദ്ദേഹം പറഞ്ഞത് തൊഴിൽ സമയത്തെക്കുറിച്ചാണ്. കേരളത്തിൽ ഈ തൊഴിൽ എടുക്കുന്ന ആളുകൾ 98 ശതമാനവും സ്ത്രീകളാണ്. അത് കണക്കിലെടുത്തുകൊണ്ട് ജോലി സമയം കേരളത്തിലെങ്കിലും രാവിലെ 9 മുതൽ 4 വരെ ആക്കണമെന്ന് മുഖ്യമന്ത്രിയടക്കം ആവശ്യപ്പെട്ടതാണ്, ഇപ്പോൾ സമയം 8 മുതൽ 5 വരെയാണ്. കാരണം ഈ സഹോദരിമാർക്ക് വീട്ടിലെ ജോലി തീർത്തതിനുശേഷമാണ് പണിക്ക് പോകേണ്ടത്. കുട്ടികളെ സ്കൂളിൽ അയയ്ക്കേണ്ടവരാണ്. അങ്ങനെയൊരു സാമൂഹ്യ ബാധ്യതയുള്ളതുകൊണ്ട് ഈ സമയം തന്നെ ആവശ്യപ്പെട്ടു. 8 മുതൽ 5 വരെയെന്നുള്ളത് മാറ്റി 9 മുതൽ 5 വരെ ആക്കാനുള്ള അനുവാദം കേന്ദ്രഗവൺമെന്റ് ഇപ്പോൾ തന്നിട്ടുണ്ട്. അതനുസരിച്ച് ഉത്തരവും കൊടുത്തു കഴിഞ്ഞു. ഉത്തരവിന്റെ കോപ്പി എന്റെ കൈവശമുണ്ട്. കേരളത്തിന്റെ ആവശ്യം 9 മുതൽ 4 വരെ ആക്കണമെന്നതാണ്. ആ കാര്യം ഗവൺമെന്റ് അപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിലെ മിനിമം കൂലി 164 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ചട്ടപ്രകാരം കൂലി കൊടുക്കേണ്ടത് കർഷകത്തൊഴിലാളികൾക്കുള്ള മിനിമം കൂലിയനുസരിച്ചാണ്. അത് കേരളത്തിൽ 200 രൂപയാണ്. കേരളത്തിലെ തൊഴിലാളിക

ളുടെ മിനിമം കൂലി 200 രൂപ ആക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു മനസ്സിലാക്കണം. ഒരു കാര്യവും കൂടി ഓർക്കേണ്ടത് ആന്ധ്രയിൽ മിനിമം കൂലി 137-ഉം തമിഴ് നാട്ടിൽ 132-ഉം ബംഗാളിൽ 136-ഉം ത്രിപുരയിൽ 124-ഉം കേരളത്തിൽ 164 രൂപയുമാണ്. കേരളത്തിന്റെ ആവശ്യം 200 രൂപയാക്കണമെന്നതാണ്. അങ്ങ യുടെ പ്രസംഗത്തിൽ ഈ കൂലി 300 രൂപയാക്കണമെന്ന് ആവശ്യപ്പെടുകയു ണ്ടായി. ഇതൊരു തൊഴിൽദാന പദ്ധതിയല്ല. ഇതൊരു ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണ്. കൂലി കൂടുതൽ കൂട്ടാൻ സാധിക്കില്ല. പാടത്ത് പണിയുള്ള സമയത്ത് തൊഴിലുറപ്പുപദ്ധതി പ്രകാരം ജോലി കൊടുക്കു മ്പോൾ കൊയ്യാനും വിതയ്ക്കാനും നടാനും ആളില്ലാതെ വരുന്നതിനെക്കു റിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) കഴിഞ്ഞ വർഷം പറഞ്ഞിരുന്നു. അതുകൊണ്ട് ഓരോ പഞ്ചായത്തിന്റെയും സാഹ ചര്യം കണക്കിലെടുത്ത് ആ പഞ്ചായത്തിൽ മറ്റു ജോലികൾ ലഭ്യമാകുന്ന അവസരങ്ങളിൽ ഈ ജോലി കൊടുക്കാതെ ഒരു കലണ്ടർ കൊടുക്കാൻ ആലോചിക്കുന്നുണ്ട്. അതുപോലെ തൊഴിൽ വിപുലീകരണത്തെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. കന്നുകാലി വളർത്തൽ, കയർ മേഖല, മറ്റ് പരമ്പരാഗത വ്യവസായ മേഖലകൾ ഇവ കൂടി ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ആ കാര്യം അനുകൂലമായി പരിഗണിച്ചിട്ടില്ലെ ങ്കിലും നമ്മൾ ആവശ്യങ്ങളിൽ തന്നെ ഉറച്ചു നിൽക്കുകയാണ്. എന്തായാലും മെമ്പർ ഉന്നയിച്ച ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഈ മേഖലയിലെ പ്രായോഗികമായ പ്രശ്നങ്ങൾ പരിഹരിക്കാനും തൊഴിലുറപ്പിന് ആവശ്യമായ മാറ്റം വരുത്താനും വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതും ആ

കമ്മിറ്റിയിൽ നിന്ന് സമയത്തുതന്നെ റിപ്പോർട്ടുകൾ വാങ്ങുന്നതുമാണ്. ആ റിപ്പോർട്ടനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതായിരിക്കും. അയ്യങ്കാളി പദ്ധതി എന്റെ വകുപ്പല്ല. ശ്രീ. മഞ്ഞളാംകുഴി അലിയുടെ വകുപ്പാണ്.

## കളിമണ്ണ് വ്യവസായം

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ടൈൽ ഫാക്ടറികളുള്ള മണ്ഡലമാണ് പുതുക്കാട്. ഇവിടെ നൂറിൽപ്പരം ടൈൽ ഫാക്ടറികളുണ്ട്. എല്ലാം ഗുരുതരമായ പ്രതിസന്ധിയിലാണ്. അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭിക്കാത്തതാണ് അടിസ്ഥാന പ്രശ്നം. ഈ മേഖല പൂർണ്ണമായി മാഫിയകളുടെ പിടിയിലാണ്. ഈ മേഖലയെ മാഫിയകളുടെ പിടിയിൽനിന്നും രക്ഷിക്കണം. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും തണ്ണീർത്തട സംരക്ഷണ നിയമത്തിനുള്ളിൽനിന്നു കൊണ്ടും കളിമണ്ണ് ലഭ്യമാക്കുന്നതിന് അടിയന്തര ശ്രദ്ധയുണ്ടാകണം. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി സർക്കാർ ഏറ്റെടുത്ത് ടൈൽ ഫാക്ടറികളുടെ കൺസോർഷ്യത്തിന് ആവശ്യാനുസരണം മണ്ണ് നൽകാൻ നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ മാഫിയകളെ ഒഴിവാക്കാനും പരിസ്ഥിതിനാശം തടയാനും കഴിയുകയുള്ളൂ. സർക്കാർ ഇത്തരത്തിലിടപെട്ടാൽ മാത്രമേ മണ്ണെടുത്ത് ബാക്കി വരുന്ന സ്ഥലത്ത് കൃഷി ചെയ്യാനോ മത്സ്യം വളർത്താനോ കഴിയൂ. കമ്പനികൾ നേരിട്ട് മറ്റു സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് കൊണ്ടുവരുന്നുണ്ട്. പക്ഷെ ഇക്കാര്യത്തിൽപ്പോലും പോലീസിന്റെ ഭാഗത്തുനിന്നുൾപ്പെടെ പല തടസ്സങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ തടസ്സങ്ങൾ ഇല്ലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും ടൈൽ ഫാക്ടറികളെ

രക്ഷിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. ഇതിനു വേണ്ടി വ്യവസായ-റവന്യൂ വകുപ്പു മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും വ്യവസായികളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും യോഗം ചേരണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കളിമൺ വ്യവസായത്തെ രക്ഷിക്കാൻ വേണ്ടി കളിമണ്ണ് ലഭ്യമാക്കാനുള്ള മാർഗ്ഗങ്ങൾ ആരായണമെന്ന സജഷൻ വളരെ അടിസ്ഥാനമുള്ളതാണ്. തീർച്ചയായും അദ്ദേഹം പറഞ്ഞതുപോലെ പല പുതിയ നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രി, കൃഷി വകുപ്പു മന്ത്രി തുടങ്ങിയവരുമായി ചർച്ച ചെയ്ത് ഇത് പരിഹരിക്കാൻ പുതിയ എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്ന് ആരായാം. കാരണം കളിമണ്ണിനെ ആശ്രയിക്കുന്ന ചെറുകിട വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും മാത്രമല്ല ഇടത്തരം വൻകിട വ്യവസായങ്ങൾവരെ പ്രതിസന്ധിയിലായിട്ടുണ്ട്. കളിമണ്ണിനെ ആശ്രയിക്കുന്ന...... അതേ അവസരത്തിൽ മൈനിംഗ് ഒരു പ്രശ്നമാണ്. അപ്പോൾ ബാലൻസ്ഡായിട്ടുള്ള ഒരു വ്യൂ എടുക്കുന്നതിനുള്ള ശ്രമങ്ങൾ തുടരാം.

## ഉദുമ സ്പിന്നിംഗ് മിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, 2010-ൽ തുടങ്ങി 2011- ൽ പ്രവർത്തനം ആരംഭിച്ച ഒരു ടെക്സ്റ്റൈൽ മില്ലാണ് ഉദുമ സ്പിന്നിംഗ് മിൽ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യാതൊരു സഹായവും ചെയ്യാതെ അടച്ചുപൂട്ടിയ രീതിയിലായിരിക്കുകയാണ്. ഇക്കാര്യം ഞാൻ

ഇതിനുമുമ്പ് സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി ആ മിൽ തുടർന്നുകൊണ്ടുപോകുന്നതിനുള്ള എല്ലാ നടപടിയും സ്വീക രിക്കാമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുകയും ചെയ്തു. പക്ഷെ ഒന്നും ചെയ്തില്ല. എന്നുമാത്രമല്ല ഇപ്പോൾ ആ മില്ലിന്റെ വൈദ്യുതി കണക്ഷൻ പോലും വിച്ഛേദിച്ചിരിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദാണ് വകുപ്പുമന്ത്രി. എന്നാലും വ്യവസായ വകുപ്പ് കാശ് അടയ്ക്കാത്തതിന്റെ ഫലമായാണ് വൈദ്യുതി കണക്ഷൻ കട്ട് ചെയ്തത്. 22 ലക്ഷത്തോളം രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കാനുണ്ട്. ചെറിയൊരു സഹായംപോലും വ്യവസായ വകുപ്പ് നൽകാത്തതിന്റെ ഫലമായാണ് മില്ല് അടച്ചുപൂട്ടേണ്ട രീതിയിലേയ്ക്ക് വന്നത്. കാസർഗോഡ് ജില്ലയിൽ ഒരു പൊതുമേഖലാ വ്യവസായ സ്ഥാപന വുമില്ല. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ് കൊണ്ടുവന്ന ഒരു വ്യവസായ മായിരുന്നു ഇത്. അതും ഇപ്പോൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണ്. തൊഴി ലാളികളെയും ജീവനക്കാരേയും നിശ്ചയിച്ചിട്ടില്ല. മറ്റ് സാങ്കേതിക നടപടിക ളെല്ലാം പൂർത്തീകരിച്ചതായിരുന്നു. എത്രയുംവേഗം തൊഴിലാളികളെ നിശ്ച യിക്കുന്നതിനുവേണ്ടി സാങ്കേതിക നടപടി പൂർത്തീകരിച്ച് ജീവനക്കാരെ നിശ്ചയിച്ച് മില്ല് പ്രവർത്തനമാരംഭിക്കാമെന്ന് പലവട്ടം വ്യവസായവകുപ്പ് മന്ത്രി ഈ സഭയിൽ പറഞ്ഞിട്ട് അത് നടപ്പാക്കാൻ കഴിയാത്തതിന്റെ ഫലമായി മിൽ പൂട്ടിക്കിടക്കുകയാണ്. 22 കോടിയിൽപ്പരം രൂപ ചെലവുചെയ്താണ് ആ മില്ല് പ്രവർത്തനമാരംഭിച്ചത്. ആ സംഖ്യ നമ്മുടെ പൊതുമുതലാണ്. അത് നശിക്കുന്ന രീതിയാണ് ഇന്ന് കാണാൻ കഴിയുന്നത്. ഏറ്റവും ദു:ഖകര മായ അവസ്ഥയാണ്. കേരളത്തിലെ എല്ലാ പത്രങ്ങളും ദൃശ്യ മാധ്യമങ്ങളും നന്നായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി

നേരിട്ട് ഇടപെട്ട് മിൽ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയെ സഹായിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സഹായിക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. അതിലുള്ള പ്രശ്നം യാതൊരു അടിസ്ഥാന കാര്യങ്ങളും ചെയ്യാതെയാണ് മില്ല് ആരംഭിച്ചത്. എല്ലാം ആദ്യംമുതൽ തുടങ്ങേണ്ട സ്ഥിതിയാണ്. പണം നീക്കിവച്ചിട്ടില്ല, എസ്റ്റിമേറ്റ് ശരിയല്ല, സാംഗ്ഷൻസില്ല, അങ്ങനെ ആദ്യം മുതലുള്ള എല്ലാകാര്യങ്ങളും ചെയ്യേണ്ട സ്ഥിതിയാണ്. എടുത്ത ആളുകളെ കോടതി സ്റ്റേ ചെയ്തിരിക്കുന്നു. അപ്പോൾ യാതൊരു നടപടിക്രമവും പാലിക്കാതെ ധൃതിയിൽ എല്ലാ കാര്യങ്ങളും ചെയ്തതുകൊണ്ട് ഇപ്പോൾ അത് ഒരു ഇഷ്യൂവായിട്ട് വരുന്നുണ്ട്. എന്തായാലും അതിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടിക്രമങ്ങൾ ശരിയാക്കാനും ശ്രമിക്കുകയാണ്.

## മെട്രോ സിറ്റി

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിന്റെ പ്രതീക്ഷയായ കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. കൊച്ചി മെട്രോയോടനുബന്ധിച്ച് മെട്രോ യാർഡിന് സ്ഥലമെടുക്കുന്നുണ്ട്. ഇതിനു സമീപമുള്ള ആലുവ നിയോജകമണ്ഡലത്തിലെ ചൂർണ്ണിക്കര പഞ്ചായത്തിൽ ഒരു മെട്രോ സിറ്റി തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതായി അറിഞ്ഞു. എന്താണ് ഇത് കൊണ്ടുദ്ദേശിക്കുന്നത്; ഇതിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്; എന്തൊക്കെ സംരംഭങ്ങളാണ് ഇതിൽ തുടങ്ങാനുദ്ദേശിക്കുന്നത്; ഈ പദ്ധതിയിൽ എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്

തുടങ്ങിയ കാര്യങ്ങൾ വിശദമാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു. കൂടാതെ മെട്രോ യാർഡിന് 49 ഏക്കറോളം ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഭൂവുടമകളുടെ പ്രതീക്ഷയ്ക്കൊത്ത വില തീരുമാനിച്ചിട്ടില്ല എന്ന ഒരു പരാതിയുണ്ട്. അങ്ങ് ഇടപെട്ട് ന്യായമായ വില കൊടുക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മെട്രോ സ്റ്റേഷൻ, മെട്രോ ഡിപ്പോ അലൈൻമെന്റ് എന്നിവിടങ്ങളിൽ പ്രോപ്പർട്ടി ഡെവലപ്പ്മെന്റ് സ്കീം വേണമെന്ന് സെൻട്രൽ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. മെട്രോ ചെയ്ത സ്ഥലങ്ങളിലെല്ലാം ഇത് ചെയ്തു. ഇതിനുവേണ്ടി 94.52 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ ആലുവ നിയോജകമണ്ഡലത്തിലെ ചൂർണ്ണിക്കരയിൽ 49 ഹെക്ടർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. അതുപോലെ കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്തിലും സ്ഥലം ഏറ്റെടുക്കുന്നുണ്ട്. ഭൂവുടമകളുമായി കളക്ടർ നെഗോഷിയേറ്റ് ചെയ്ത് വില കൊടുത്താണ് എടുക്കുന്നത്. വാസ്തവത്തിൽ ഇതൊരു പ്രോപ്പർട്ടി ഡെവലപ്മെന്റ് സ്കീമാണ്. യാർഡ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ഏതായാലും അവരുടെ പൂർണ്ണമായ സമ്മതത്തോടുകൂടി മാത്രമേ സ്ഥലം എടുക്കുകയുള്ളൂ. പരിസ്ഥിതി പ്രശ്നങ്ങളില്ലാത്ത രീതിയിൽ മെട്രോസിറ്റി ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. എറണാകുളം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ള പ്രദേശമാണ്

ആലുവ. ഭാവിയിൽ ഒരു മെട്രോസിറ്റി അവിടെ വരും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ എൻവയോൺമെന്റൽ പ്രോബ്ലം ഉണ്ടാക്കാത്ത രൂപത്തിലായിരിക്കും അതുണ്ടാക്കുന്നത്.

## അടൂർ ഫയർ സ്റ്റേഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എന്റെ മണ്ഡലത്തിലെ ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അടൂർ ഫയർ സ്റ്റേഷനിലെ രണ്ട് ഫയർ എഞ്ചിനുകളും ഇപ്പോൾ കട്ടപ്പുറത്താണ്. ഒരെണ്ണം രണ്ട് പതിറ്റാണ്ടിലേറെ പഴക്കമുള്ളതും കണ്ടം ചെയ്തതുമാണ്. മറ്റൊന്ന് മാസങ്ങളായി വർക്ക്ഷോപ്പിലാണ്. പകരം ആലപ്പുഴയിൽനിന്നുമെത്തിയ വണ്ടിയും കാര്യക്ഷമമല്ലാതെ പണിമുടക്കി വർക്ക്ഷോപ്പിൽ കിടക്കുന്നു. ഇപ്പോൾ അവിടെ നിരവധി സംഭവങ്ങളുണ്ടായി. വേനൽക്കാലത്ത് നിരവധി പ്രദേശങ്ങളിൽ തീപിടുത്തമുണ്ടായപ്പോൾ വാഹനമില്ലാതിരുന്നതുകൊണ്ട് ശാസ്താംകോട്ടയിൽ നിന്നുമാണ് വാഹനം കൊണ്ടുവന്നത്. വളരെ ഗതികേടിലാണ് അടൂർ ഫയർസ്റ്റേഷൻ. ആംബുലൻസില്ല, ജീപ്പില്ല. സഞ്ചാരയോഗ്യമല്ലാത്ത ആംബുലൻസ് ലേലം ചെയ്ത് ഒന്നരവർഷം കഴിഞ്ഞിട്ടും പകരം ആംബുലൻസ് അടൂരിൽ എത്തിയിട്ടില്ല. ഓഫീസറുടെ പഴയ ജീപ്പും ഈയിടെ ലേലം ചെയ്തു. പകരം ജീപ്പ് കിട്ടിയിട്ടില്ല, റിക്കവറി വാൻ, ഫയർ ഹൈഡ്രന്റ് തുടങ്ങി ആവശ്യമായ യാതൊരുപകരണവും ആ ഫയർ സ്റ്റേഷനിലില്ല. അതുപോലെ 24 ഫയർമാൻമാരുടെ തസ്തികയുണ്ടെങ്കിലും 11 തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് പുതിയ വാഹനങ്ങളും

ഫയർ ഉപകരണങ്ങളും അതുപോലെ ജീവനക്കാരുടെ തസ്തിക നികത്തിയും ഈ ഫയർ സ്റ്റേഷന്റെ ദുരവസ്ഥയ്ക്ക് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

**അടൂർ ഫയർ സ്റ്റേഷൻ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അടൂർ അഗ്നിശമനരക്ഷാ നിലയത്തിൽ രണ്ട് ഫയർ ഹൈഡ്രന്റ് അനുവദിച്ചിട്ടുണ്ട്. അതിൽ എം.ടി.യു. കെ.എൽ.01-എ.ഇ. 3526 ഫയർ ഹൈഡ്രന്റ് പ്രവർത്തനരഹിതമായതിനാൽ (പ്രവർത്തനം ക്രമീകരണാർത്ഥം) കൊല്ലം നിലയത്തിൽ നിന്നും എം.ടി.യു. കെ.എൽ.01-എ.എം.1885 എന്ന വാഹനം 06-01-2011 മുതൽ അനുവദിച്ചത് താൽക്കാലികമായി ഉപയോഗിച്ചു വരുന്നു. ഈ നിലയത്തിലുണ്ടായിരുന്ന ജീപ്പ് ലേലം ചെയ്ത് പോയിട്ടുണ്ട്. പുതിയ വാഹനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നിശ്ചയമായും ആ നിലയത്തിന് മുൻഗണന നൽകി പരിഗണന കൊടുക്കുന്നതാണ്. എനിക്കും സെന്റിമെൻസുള്ള ഒരു സ്ഥലമാണത്. ആ ഫയർ സ്റ്റേഷന്റെ കെട്ടിടം ഉണ്ടായതിൽ എന്റെയും ഒരു പങ്ക് ഉണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന മാക്സിമം സഹായം ചെയ്യുന്നതാണ്.

**24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തേണ്ടതിന്റെ ആവശ്യകത**

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എന്റെ ഭാഗ്യമോ നിർഭാഗ്യമോ എന്ന് അറിയില്ല. ഒരേ വിഷയം ആസ്പദമാക്കി 13-ാം കേരള നിയമസഭയിൽ ഞാൻ അവതരിപ്പിക്കുന്ന നാലാമത്തെ സബ്മിഷനാണിത്. നിയമസഭയ്ക്ക് അകത്തും പുറത്തും ഇപ്പോൾ ആളുകൾ എന്നെ 'പോസ്റ്റുമോർട്ടം' എന്നാണ് വിളിക്കുന്നത്. നിനയ്ക്കാത്ത നിമിഷത്തിൽ അപകടങ്ങളിൽ മരണപ്പെടുന്ന ഉറ്റവരുടെ മൃതശരീരം വിട്ടുകിട്ടുന്നതിനുവേണ്ടി മോർച്ചറികൾക്ക് മുമ്പിൽ രാത്രിയുടെ അന്ത്യയാമങ്ങളിൽ പോലും കാത്തുകെട്ടിക്കിടക്കേണ്ടി വരുന്ന ഹതഭാഗ്യരായ സഹോദരീ-സഹോദരന്മാരുടെ ഉത്ക്കണ്ഠയും മനോവേദനയും ഈ നിയമനിർമ്മാണസഭയിൽ നിരന്തരം അവതരിപ്പിക്കാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം എനിക്കുണ്ട്. പക്ഷേ ഓരോ സബ്മിഷൻ അവതരിപ്പിക്കുമ്പോഴും സർക്കാർ ആശുപത്രികളിൽ 24 മണിക്കൂറും പോസ്റ്റ്മോർട്ടം വേണമെന്ന ആവശ്യത്തിൽ ഒരു വ്യക്തതയുണ്ടാകുന്നില്ല എന്നതാണ് ഖേദകരം. പഠിക്കാം, പരിശോധിക്കാം, പരിഗണിക്കാം എന്ന സ്ഥിരം പല്ലവികളല്ല ഗൗരവമേറിയ ഈ വിഷയത്തിൽ ജനം പ്രതീക്ഷിക്കുന്നത്. അനന്തമായി നീട്ടിക്കൊണ്ടുപോകേണ്ട ഒരു പ്രശ്നമല്ല ഇത്. പ്രത്യുത്പന്നമതിത്വമാണ് ഇവിടെ ആവശ്യം. ഞാൻ മുമ്പ് അവതരിപ്പിച്ച മൂന്ന് സബ്മിഷനുകളുടെ ദുർവിധി ഇന്നത്തെ സബ്മിഷനുണ്ടാകാൻ പാടില്ലെന്ന് ഞാൻ മാത്രമല്ല സഭയിലെ ഓരോ അംഗത്തിന്റെയും ആഗ്രഹമാണ്. കേരളീയരുടെ ഏറെക്കാലത്തെ ന്യായമായ ആവശ്യത്തിനും മുറവിളിക്കും ഇന്ന് ഒരു പരിഹാരമുണ്ടാകണം. അതിനനുസൃതമായൊരു മറുപടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുകയാണ്. കേരളം പല ഘട്ടങ്ങളിലും പല കാര്യങ്ങളിലും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടുണ്ട്. കാലഹരണപ്പെട്ട പല

നിയമങ്ങളും പൊളിച്ചെഴുതി തമോമയമായ മനുഷ്യജീവിതത്തിൽ വെളിച്ചമെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പോസ്റ്റ്മോർട്ടത്തിന്റെ കാര്യത്തിൽ മാത്രം നമുക്ക് എന്തുകൊണ്ട് കഴിയുന്നില്ല എന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. 'The time for conducting postmortem examination is fixed between 9 am and 5 pm' എന്നാണ് കേരള മെഡിക്കോ ലീഗൽ കോഡിൽ പറയുന്നത്. അതേ പുസ്തകത്തിന്റെ തുടക്കത്തിൽ ഇങ്ങനെ പറയുന്നു. 'The formers for medico legal certificates were design in the 60's and last modified in the 80's of the previous century and it is high time that the existing formers are modified for the benefit of law and public.' 22-10-2011-ലെ ജി.ഒ. (എം.എസ്.) നമ്പർ 232/11 എന്ന ഉത്തരവ് പ്രകാരം ആഭ്യന്തര വകുപ്പ് പ്രസിദ്ധീകരിച്ചതാണ് കേരള മെഡിക്കോ ലീഗൽ കോഡ്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഇപ്പോൾ 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലുള്ള ഒരു സ്ത്രീ പൊള്ളലേറ്റ് ദിവസങ്ങളോളം മംഗലാപുരം ആശുപത്രിയിൽ കിടക്കേണ്ട സ്ഥിതി വന്നു. ഒരാഴ്ച മുമ്പാണ് ആ സ്ത്രീ മരിച്ചത്. രാത്രി 10 മണി കഴിഞ്ഞ് മംഗലാപുരത്തുള്ള സർക്കാർ ആശുപത്രിയായ വെൻലോക്കിലാണ് മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്തത്. എല്ലാ രംഗത്തും അതിവേഗം ബഹുദൂരം മുന്നേറിക്കൊണ്ടിരിക്കുന്ന കേരളം ഇവിടെ പിന്നിലാകാൻ പാടില്ല. വൈകുന്നേരം 4 മണി കഴിഞ്ഞാൽ പോസ്റ്റ് മോർട്ടം പാടില്ലെന്ന് അനുശാസിച്ചത് വൈദ്യുതി വെളിച്ചം ഇന്നത്തെ പോലെയില്ലാത്ത കാലഘട്ടത്തിലാണ്. കുളമ്പടി ശബ്ദം കേൾക്കാൻ കേരളീയരായ നമുക്ക് കഴിയണം. 24 മണിക്കൂറും പോസ്റ്റ്മോർട്ടം

നടത്താനുള്ള സംവിധാനം ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. സഭയുടെ ഒരു കോമൺസെൻസും അതുതന്നെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷേ ഇതിനകത്ത് ഒന്നുരണ്ട് പ്രധാന പ്രശ്നങ്ങളുണ്ട്. അത് സഭ ഷെയർ ചെയ്യുന്നത് നല്ലതാണ് എന്നുള്ളതുകൊണ്ട് എല്ലാവർക്കും കിട്ടുന്നതിനേക്കാൾ രണ്ടുമിനിട്ട് കൂടുതൽ അനുവദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ രാത്രി പോസ്റ്റ്മോർട്ടം അനുവദിച്ചിട്ടുണ്ടെങ്കിലും മഹാരാഷ്ട്രയിൽ ഇത് നടപ്പിൽ വന്നിട്ടില്ല. തമിഴ്നാട്ടിൽ ഹൈക്കോടതി ഈ തീരുമാനം സ്റ്റേ ചെയ്തിട്ടുണ്ട്. കർണ്ണാടകത്തിൽ രണ്ട് പ്രൈവറ്റ് മെഡിക്കൽ കോളേജുകൾ മാത്രമാണ് പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നത്. രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് നിയമകരമായി തടസ്സമൊന്നുമില്ലെന്ന് ചൂണ്ടിക്കാണിച്ച് നിയമവകുപ്പ് സെക്രട്ടറി മെഡിക്കൽ ജൂറിസ്പ്രുഡൻസിലും രാത്രി പോസ്റ്റ്മോർട്ടം നടത്തരുതെന്ന പരാമർശമില്ല എന്ന് അറിയിച്ചിട്ടുണ്ട്. വേണ്ടത്ര ജീവനക്കാരും മതിയായ വെളിച്ചവും ആവശ്യമായ അടിസ്ഥാനസൗകര്യവും ലഭ്യമാക്കിയാൽ രാത്രി പോസ്റ്റ്മോർട്ടം നടത്താൻ കഴിയും. രാത്രി പോസ്റ്റ്മോർട്ടം പൂർണ്ണമായും നിരോധിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് നിയമപരമായ ശാസ്ത്രീയമായ ഡാറ്റായുടെ അഭാവത്തിലും മറ്റുചില സംസ്ഥാനങ്ങളിലെങ്കിലും രാത്രി പോസ്റ്റ്മോർട്ടം നടത്തുന്നതിന് അനുമതി ഉള്ളതിനാലും പകൽ വെളിച്ചത്തിൽ മാത്രമേ പോസ്റ്റ്മോർട്ടം നടത്താനാകൂ എന്ന നിലപാട് യുക്തിസഹമല്ല

എന്നാണ് നമ്മുടെ കാഴ്ചപ്പാട്. ഇതുസംബന്ധിച്ച് ക്യാബിനറ്റിൽ ചർച്ച വന്നു. ബഹുമാനപ്പെട്ട അംഗം ഇത് ടേക്ക്അപ്പ് ചെയ്തതിനുശേഷമാണ്. അദ്ദേഹം പരിഗണിക്കാം, പിന്നീടാകാം, നോക്കാം എന്നൊക്കെ പറയുന്ന തടസ്സവാദത്തെക്കുറിച്ച് സൂചിപ്പിച്ചെങ്കിലും ഈ ഗവൺമെന്റ് അങ്ങനെ തടസ്സവാദമുന്നയിക്കുകയല്ല ചെയ്തത്. ഗവൺമെന്റ് ഇത് ക്യാബിനറ്റിൽ ഡിസ്കസ് ചെയ്തു. സൂര്യാസ്തമനത്തിനുശേഷം പോസ്റ്റുമോർട്ടം നടത്താൻ പാടില്ല എന്ന നിബന്ധന ഉൾപ്പെടുന്നനിയമം രാത്രികാലങ്ങളിലും ആവശ്യമായ വെളിച്ചവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് പോസ്റ്റുമോർട്ടം നടത്താവുന്ന രീതിയിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം നിയമവകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഉൾക്കൊള്ളുന്ന ഒരു സമിതി പരിഗണിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനുവേണ്ടി അവരെ നിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് ആഭ്യന്തര വകുപ്പ് സെക്രട്ടറി കൺവീനറായ കമ്മിറ്റിയെയാണ് ക്യാബിനറ്റിൽ വച്ചിട്ടുള്ളത്. ഡോക്ടർമാരുടെ ഡ്യൂട്ടി ടൈമിലുണ്ടാകുന്ന പ്രശ്നമുണ്ട്. ഇപ്പോൾ അവരുടെ ഡ്യൂട്ടി ടൈമിൽ ഉള്ളതിനേക്കാൾ 2/3 സ്ട്രങ്ത് കൂടി വർദ്ധിപ്പിക്കേണ്ടി വരും. ഇതാണ് പ്രധാനമായ ഒരു പ്രശ്നം. ഫോറൻസിക് ഡോക്ടേഴ്സിന്റെ സമയം എട്ട് മണിക്കൂറാണ്. അതായത് എട്ട് മണിക്കൂറിന് ശേഷമുള്ള 16 മണിക്കൂർ കൂടി അവർക്ക് ഡ്യൂട്ടി കൊടുക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനം എന്നുപറഞ്ഞാൽ ഇന്ന് നിലവിലുള്ളതിനേക്കാൾ 2/3 സ്ട്രെങ്ത് കൂടി വർദ്ധിപ്പിച്ചുവെങ്കിൽ മാത്രമേ നമുക്കത് ഫലവത്തായി നടപ്പാക്കാൻ കഴിയൂ. അതുകൊണ്ട് അതുപോലുള്ള കാര്യങ്ങളെക്കുറിച്ച് ക്യാബിനറ്റിൽ ഡിസ്ക്കസ് ചെയ്തുകൊണ്ട് ഗവൺമെന്റ്...

ഫോറൻസിക് ഡോക്ടേഴ്സ് ഉള്ള സ്ഥലത്ത് ഫോറൻസിക് ഡോക്ടേഴ്സിന്റെ ഡെലിഗേറ്റ്സ് ഞങ്ങളെ വന്ന് കണ്ടിരുന്നു. അവർ അവരുടെ പരാതിയും പ്രശ്നങ്ങളും പറഞ്ഞു. അവർ പറഞ്ഞ ഒരു പ്രധാനപ്പെട്ട പ്രശ്നം, അവരുടെ സ്ട്രെങ്ത് 2/3 കൂടി വർദ്ധിപ്പിക്കേണ്ടി വരുമെന്നുള്ളതുതന്നെയാണ്. ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് പറഞ്ഞ നിർദ്ദേശം സ്വാഗതാർഹമാണെന്ന് എനിക്ക് തോന്നുന്നു. പക്ഷേ പൊതുവായി എല്ലാവരും കൂടി തീരുമാനിക്കേണ്ട വിഷയമാണ്. അടിസ്ഥാന സൗകര്യവർദ്ധനവിനുവേണ്ടി എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ അദ്ദേഹം തയ്യാറാണെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ ഒപ്പീനിയൻ ആണെങ്കിൽ അദ്ദേഹത്തിന്റെ ഒപ്പീനിയനായി ഞാൻ എടുക്കും. പക്ഷേ പൊതുവായി എല്ലാവരും കൂടി അംഗീകരിച്ചാൽ ഇന്ന് സഭയിൽ കാണുന്ന പൊതുവായ ഒരു സെൻസ് ഈ 24 മണിക്കൂർ നടത്തണമെന്നുള്ളതാണെങ്കിൽ രണ്ട് രൂപത്തിൽ നമുക്ക് ഈ കാര്യത്തിൽ തീരുമാനമുണ്ടാകണം. ഒന്ന്, അടിസ്ഥാന സൗകര്യ വർദ്ധനവ് രണ്ട്, ഡോക്ടേഴ്സ് ഉന്നയിച്ചിട്ടുള്ള ആവശ്യം. ഈ ആവശ്യങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടി വരും. ഏതായാലും ഗവൺമെന്റ് ഈ കാര്യത്തിൽ ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വന്നാലുടൻ തന്നെ ഗവൺമെന്റ് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## തൃശ്ശൂർ എസ്.ആർ.വി. സംഗീത വിദ്യാലയം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, കൊച്ചി മഹാരാജാവ് സ്ഥാപിച്ച തൃശ്ശൂരിലെ എസ്.ആർ.വി. മ്യൂസിക് സ്കൂൾ അടുത്ത വർഷം മുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണ്ട എന്ന് ഉത്തരവായിരിക്കുകയാണ്. കേരളത്തിലെ ആദ്യത്തെ സംഗീത വിദ്യാലയമാണിത്. ഉന്നത പഠനത്തിനും

ജോലിക്കും സാധ്യതകളില്ലാത്ത സർട്ടിഫിക്കറ്റ് കോഴ്സായതുകൊണ്ടാണ് ഇവിടെ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്നത്. ശതാബ്ദി ആഘോഷിച്ച ഈ വിദ്യാലയം ഒരു സംഗീത കോളേജായി ഉയർത്തണമെന്ന ആവശ്യം 2007 മുതൽ കോളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ പരിഗണനയിൽ ഇരിക്കുകയാണ്. കേരളത്തിലെ ആദ്യത്തെ സംഗീത വിദ്യാലയം പ്രവർത്തന രഹിതമാക്കുന്നതിന് പകരം ഇതൊരു മ്യൂസിക് കോളേജായി ഉയർത്തണ മെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 1910 മുതൽ തൃശ്ശൂർ ഗവൺമെന്റ് മോഡൽ ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്നുള്ള കോമ്പൗണ്ടിൽ എസ്.ആർ.വി. സംഗീത വിദ്യാലയം പ്രവർത്തിച്ചുവരുന്നു. ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്റർത ന്നെയാണ് സംഗീത വിദ്യാലയത്തിന്റെയും മേധാവിയായി തുടരുന്നത്. സംഗീത വിദ്യാലയത്തിനായി പ്രത്യേകം ഓഫീസ് സംവിധാനം നിലവിലില്ല. ഈ സംഗീത വിദ്യാലയത്തിൽ സംഗീതത്തിൽ ജൂനിയർ സർട്ടിഫിക്കറ്റ്, സീനി യർ സർട്ടിഫിക്കറ്റ് എന്നീ കോഴ്സുകളാണ് നടത്തിവരുന്നത്. ഓരോ കോഴ്സി ന്റെയും കാലാവധി രണ്ടു വർഷം വീതമാണ്. 2011-12 വർഷം ആകെ നാല് ക്ലാസുകളിലായി 38 കുട്ടികളും നാല് അദ്ധ്യാപകരുമാണ് തൃശ്ശൂർ എസ്. ആർ.വി സംഗീത വിദ്യാലയത്തിലുള്ളത്. എസ്.എസ്.എൽ.സി പാസായ വിദ്യാർത്ഥികൾക്കുവേണ്ടി സംഗീതത്തിൽ നാല് വർഷം നീണ്ടുനിൽക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സുകളാണ് ഇവിടെ നടത്തിവരുന്നത്. സംഗീതാദ്ധ്യാപക

രായി നിയമനം ലഭിക്കുന്നതിനൊഴികെ മറ്റൊന്നിനും ഈ കോഴ്സുകൾ പ്രയോജനപ്പെട്ടിരുന്നില്ല. എന്നാൽ ഈ കോഴ്സ് താരതമ്യേന കാലഹരണപ്പെട്ടതും നിലവിൽ സംഗീതാദ്ധ്യാപകരായി നിയമനം ലഭിക്കുന്നതിനുള്ള സാദ്ധ്യത വളരെ വിരളവുമാണ്. കേരളത്തിൽ മറ്റൊരിടത്തും ഇത്തരമൊരു കോഴ്സ് നിലവിലില്ല. അതേസമയം എസ്.എസ്.എൽ.സി കഴിഞ്ഞ് അഞ്ച് വർഷം പഠിച്ചാൽ ബി.എ മ്യൂസിക് ഉൾപ്പെടെയുള്ള ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കാനും സംഗീതാദ്ധ്യാപക നിയമനത്തോടൊപ്പം ഡിഗ്രി അടിസ്ഥാന യോഗ്യതയായിട്ടുള്ള മറ്റ് ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കാനും നിലവിലെ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇപ്പോൾ ഗവൺമെന്റ് അധീനതയിൽ തിരുവന്തപുരം, തൃപ്പൂണിത്തുറ, ചെമ്പൈ, പാലക്കാട് എന്നിവിടങ്ങളിലായി സംഗീത കോളേജുകളും തിരുവനന്തപുരം കോളേജ് ഫോർ വിമൺ, എറണാകും മഹാരാജാസ് കോളേജ്, ചിറ്റൂർ ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിൽ ബി.എ. മ്യൂസിക് കോഴ്സും നിലവിലുണ്ട്. ഇതിനുപുറമെ സ്വകാര്യ കോളേജുകളിലും ബി.എ മ്യൂസിക് കോഴ്സ് പഠിപ്പിച്ചുവരുന്നു. 38 വിദ്യാർത്ഥികൾ മാത്രം അദ്ധ്യയനം നടത്തിവരുന്ന നിലവിലെ സാഹചര്യത്തിൽ 2013-14 അദ്ധ്യയന വർഷം മുതൽ തൃശ്ശൂർ എസ്.ആർ.വി സംഗീത വിദ്യാലയത്തിലെ ഈ കോഴ്സിൽ പുതിയതായി അഡ്മിഷൻ നൽകാതെ നിലവിൽ പഠിക്കുവർക്കുമാത്രം പരീക്ഷ നടത്തേണ്ടതാണെന്നും അവരുടെ കോഴ്സ് തീരുന്നതോടെ ഈ സ്കൂളിലെ അദ്ധ്യാപകരെ മറ്റ് സർക്കാർ സ്കൂളുകളിലേയ്ക്ക് മാറ്റി നിയമിച്ചുകൊണ്ട് തൃശ്ശൂർ എസ്.ആർ.വി സംഗീത വിദ്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണെന്ന് തീരുമാനിച്ച് 07-12-2012-ലെ ജി.ഒ(ആർ.ടി) നം.5863/2012 പൊ.വി.വ പ്രകാരം സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശ്ശൂർ എസ്.ആർ.വി സംഗീത വിദ്യാലയം സംഗീത കോളേജായി ഉയർത്തേണ്ട ആവശ്യകത നില നിൽക്കുന്നില്ല. എന്നാൽ ഇവിടെ ബഹുമാന്യനായ എം.എൽ.എ സൂചിപ്പിച്ചതു പോലെ 2007 മുതലുള്ള ഇതിന്റെ രേഖകൾ പരിശോധിച്ച് തൃശ്ശൂരിൽ പുതിയ മ്യൂസിക് കോളേജ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്ന താണ്.

## ഇൻസ്ട്രക്ടർമാർക്ക് മിനിമം വേതനം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഏകാദ്ധ്യാപക വിദ്യാലയത്തിൽ സേവനമ നുഷ്ഠിക്കുന്ന ഇൻസ്ട്രക്ടർമാരുടെ വിഷയമാണിവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ആലപ്പുഴ, കോട്ടയം ജില്ലകളൊഴികെ 12 ജില്ലകളിൽ 1997 മുതൽ ഡി.പി.ഇ.പി പദ്ധതി പ്രകാരവും തുടർന്ന് എസ്.എസ്.എ പദ്ധതിയുടെ കീഴിലും 2010 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലും പ്രവർത്തിച്ചുവ രുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങൾ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുന്നതോടെ വിസ്മൃതിയിലാവു കയാണ്. 16 വർഷക്കാലം ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സ്തുത്യർഹമായ സേവനം നൽകിയ അദ്ധ്യാപകർക്ക് അവരുടെ ജോലി നഷ്ടപ്പെടുന്ന സാഹച ര്യമുണ്ടാകാതിരിക്കണമെന്ന ആവശ്യം ന്യായമാണ്. ഈ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ 95 ശതമാനവും ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളാണ്. ആദിവാസി ഊരുകളിൽ കാൽനടയായി

കിലോമീറ്ററുകൾ താണ്ടി കുട്ടികളെ തേടിപ്പിടിച്ച് വിദ്യ പകർന്നുനൽകുന്ന അദ്ധ്യാപകർക്ക് ഏതെങ്കിലുമൊരു സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിക്കാനുള്ള പ്രായപരിധിയും കഴിഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുമ്പോൾ തൊഴിൽ നഷ്ടമാകുന്ന സാഹചര്യം തിരിച്ചറിഞ്ഞ അദ്ധ്യാപകർ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതിയുടെ 03-01-2012-ലെ വിധി പ്രകാരം സംസ്ഥാന ഗവൺമെന്റ് 25-04-12 -ലെ ഗവൺമെന്റ് ഉത്തരവിലൂടെ എല്ലാ ബദൽ വിദ്യാലയങ്ങളും പ്രൈമറി സ്കൂളുകളാകുന്നതുവരെ പ്രവർത്തിക്കുമെന്നും പ്രൈമറി സ്കൂളാകുന്ന ബദൽ വിദ്യാലയങ്ങളിലെ ഇൻസ്ട്രക്ടർമാരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ-പ്രൈമറിതലമുൾപ്പെടെയുള്ള ഒഴിവുകളിലേയ്ക്ക് പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളം കേവലം 3000 രൂപ മാത്രമാണ്. ഈ തുക പോലും മുടങ്ങിയിരിക്കുകയാണ്. സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് ഗവൺമെന്റ് ഉത്തരവ് 14-02-2011 പ്രകാരം മിനിമം വേതനം ഉറപ്പാക്കിയിട്ടുപോലും സർക്കാർ തൊഴിൽ സംരക്ഷിക്കുമെന്ന് പറയുന്ന എം.ജി. എൽ.സി അദ്ധ്യാപകർക്കുള്ള വേതനം 3000 രൂപ മാത്രമാണ്. ഈ സാഹചര്യത്തിൽ നിലവിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും തൊഴിലിന്റെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ നിയമനം നൽകുന്ന

തിനും അടിയന്തരമായി നിലവിലുള്ള 3000 രൂപയിൽനിന്ന് മിനിമം വേതനം നൽകുന്ന തലത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ആദിവാസികൾ, മത്സ്യബന്ധനത്തൊഴിലാളികൾ മറ്റ് അവശവിഭാഗങ്ങൾ എന്നിവരുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ഡി.പി.ഇ.പി-യുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചതാണ് ബദൽ വിദ്യാലയങ്ങൾ അഥവാ ആൾട്ടർനേറ്റ് സ്കൂളുകൾ. സംസ്ഥാനത്ത് ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകർക്ക് നൽകുന്ന മാസവേതനം 3000 രൂപ മാത്രമാണ്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ വേതനം നൽകി വരുന്നത്. ഈ തുക യഥാസമയം അവർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെയുള്ള മാസവേതനവും മറ്റ് അലവൻസുകളും അതാത് ജില്ലാ ഉപഡയറക്ടർമാർക്ക് നൽകിക്കഴിഞ്ഞു. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതോടൊപ്പം ഇവരുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങളും രൂപപ്പെടുത്തി വരികയാണ്. സംസ്ഥാനത്ത് ഇതുവരെ ഒരു ബദൽ വിദ്യാലയം സർക്കാർ അടച്ചുപൂട്ടിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 30-01-2012-ലെ WP(C) No. 34006/2011 ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ 25-04-2012-ലെ ജി.ഒ.(ആർ.ടി) 1934/2012 പൊ.വി. നമ്പർ ഉത്തരവ് പ്രകാരം ബദൽ വിദ്യാലയങ്ങൾ സർക്കാർ സ്കൂളുകളാക്കി മാറ്റുമ്പോൾ

പ്രസ്തുത വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ-പ്രൈമറിതലം ഉൾപ്പെടെയുള്ള ഒഴിവുകളിലേയ്ക്ക് പരിഗണിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികയിൽ മുൻഗണന

ശ്രീ. മാത്യു. റ്റി. തോമസ്: സർ, സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകരായി 75 ശതമാനം പോസ്റ്റുകളിൽ നേരിട്ടും 25 ശതമാനം ഹൈസ്ക്കൂൾ അസിസ്റ്റന്റ്സിൽനിന്ന് പ്രൊമോഷൻ കൊടുത്തും തസ്തികമാറ്റത്തിലൂടെയാണ് നിയമിക്കുന്നത്. ബിരുദാനന്തര ബിരുദവും എം.എഡും സെറ്റ് പരീക്ഷയും പാസായ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറിയിൽ നിയമനം ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്. അതുകൊണ്ട് നിലവിലുള്ള ചട്ടങ്ങളിൽ മാറ്റംവരുത്തി അവർക്കുകൂടി മുൻഗണന കൊടുക്കുന്ന തരത്തിൽ ഭേദഗതി വരുത്തണം എന്നതാണ് എന്റെ സബ്മിഷൻ.

## പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് ഹയർസെക്കണ്ടറി അദ്ധ്യാപക തസ്തികയിൽ മുൻഗണന

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 16-064-2001-ലെ ജി.ഒ.(പി) 144/2001 പൊ.വി. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവീസിന്റേയും

സബോർഡിനേറ്റ് സർവീസിന്റേയും സ്പെഷ്യൽ റൂൾസ് നിലവിൽ വന്നു. പ്രസ്തുത സ്പെഷ്യൽ റൂൾസിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനരീതി താഴെപ്പറയുംപ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ (സീനിയർ), യോഗ്യരായ എച്ച്.എസ്.എസ്.ടി ജൂനിയർ അദ്ധ്യാപകരെ പ്രൊമോഷൻ നൽകി നിയമിക്കുന്നു. യോഗ്യരായ എച്ച്.എസ്.എസ്.ടി ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന അനുപാതത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാർക്ക് ബൈ ട്രാൻസ്ഫർ നിയമനവും പി.എസ്.സി വഴി നേരിട്ടുള്ള നിയമനവും നൽകണം എന്നാണ് നിഷ്കർഷിക്കുന്നത്. ബൈ ട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഹൈസ്ക്കൂൾ അസിസ്റ്റന്റുമാരില്ലെങ്കിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ യു.പി.എസ്.എ., എൽ.പി.എസ്.എ. അദ്ധ്യാപകർക്ക് പ്രസ്തുത തസ്തികയിൽ നിയമനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ (ജൂനിയർ), ആകെ ഒഴിവിന്റെ 25 ശതമാനം യോഗ്യരായ ഹൈസ്ക്കൂൾ അദ്ധ്യാപകർക്ക് ബൈ ട്രാൻസ്ഫർവഴി പ്രൊമോഷൻ നൽകണമെന്നും 75 ശതമാനം പി.എസ്.സി വഴി നേരിട്ടുള്ള നിയമനം നൽകണമെന്നും നിഷ്കർഷിക്കുന്നു. യോഗ്യരായ ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകൾ യോഗ്യരായ യു.പി.എസ്.എ., എൽ.പി.എസ്.എ. അദ്ധ്യാപകർക്ക് നിയമനം നൽകാമെന്നും നിഷ്കർഷിക്കുന്നുണ്ട്. നിലവിലുള്ള ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ ഹൈസ്ക്കൂൾ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമേ യു.പി.എസ്.എ, എൽ.പി.എസ്.എ. അദ്ധ്യാപകർക്ക് ബൈ ട്രാൻസ്ഫർ വഴി നിയമനം നൽകാൻ

സാധിക്കുകയുള്ളൂ. പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് നിയമനത്തിൽ പ്രത്യേക പരിഗണന നൽകണമെങ്കിൽ നിലവിലുള്ള ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശങ്ങ ളൊന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

## കുടിവെള്ള വിതരണം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ വരൾച്ച അതിരൂക്ഷമാണ്. ജലവിഭവവുമായി ബന്ധപ്പെട്ട കുറെ നടപടികൾ കഴിഞ്ഞ ദിവസം ജലവിഭവ വകുപ്പുമന്ത്രി പ്രസ്താവിച്ചിരുന്നു. പക്ഷേ ഏറ്റവും അടിയന്തരമായി വേണ്ടത് വരൾച്ച ബാധിത പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തി ക്കുകയെന്നുള്ളതാണ്. ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റ് ഇതുവരെ നൽകിയിട്ടില്ല. അതുകാരണം ഫെബ്രുവരി മാസം ഒടുവിൽ ടാങ്കർ ലോറിയിൽ കുടിവെള്ളം നൽകാമെന്ന നിലപാടാണ് ജില്ലാ ഭരണകൂടങ്ങൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഈ നിലപാട് കാരണം ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കുന്നത് സ്വകാര്യ വെള്ളം വിൽപ്പനക്കാരാണ്. ഒരു ടാങ്കർ ലോറി ജലത്തിന് 1000 മുതൽ 5000 രൂപവരെ യാണ് ടാങ്കറിന്റെ വലിപ്പമനുസരിച്ച് സ്വകാര്യ വെള്ളകച്ചവടക്കാർ വാങ്ങുന്ന ത്. പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം ഒരു ടാങ്കർ വെള്ളംപോലും വാങ്ങാൻ നിവൃത്തിയില്ല. ആയിരക്കണക്കിന് സ്വകാര്യ ടാങ്കർ ലോറികളാണ് എല്ലാ ദിവസവും ഈ കച്ചടവത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പണമുള്ളവർക്ക്

മാത്രമേ കുടിവെള്ളമുള്ളൂ എന്ന സ്ഥിതിയിലേയ്ക്ക് കേരളം മാറി. അതു കൊണ്ട് ഈ പ്രശ്നം വളരെ ഗൗരവമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യം നേരിട്ടറിയാം. എന്റെയും അദ്ദേഹത്തിന്റേയും നിയോജക മണ്ഡ ലങ്ങൾ മലയോര മേഖലകളാണ്. പക്ഷേ കേരളത്തിലെ മലയോര നിയോ ജകമണ്ഡലങ്ങളിൽ മാത്രമല്ല മറ്റ് നിയോജകമണ്ഡലങ്ങളിലും ഈ പ്രശ്നം അതീവ ഗുരുതരമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നാളെ മുതൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന നിർദ്ദേശം ജില്ലാ ഭരണകൂടങ്ങൾക്ക് നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2012-13 വർഷത്തിൽ സംസ്ഥാനത്ത് മഴ ലഭ്യതയിൽ വന്ന കുറവുമൂലം കേരളം വരൾച്ചയെ അഭിമുഖീകരിക്കുകയാണ്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെ 2012 സെപ്റ്റംബർ 13-ന് വരൾച്ചാബാധിതമായി പ്രഖ്യാ പിച്ചു. ഇതിനെത്തുടർന്ന് വരൾച്ച സംബന്ധിച്ച് കേന്ദ്രസർക്കാരിന് മെമ്മോറാ ണ്ടം സമർപ്പിക്കുകയും കേന്ദ്രസംഘം സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുമുണ്ടായി. തുലാവർഷത്തിന്റെ ലഭ്യതയിൽ കുറവ് വന്നതിനെത്തുടർന്ന് 2012 ഡിസംബർ 19-ന് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി യോഗം ചേർന്ന് മഴയുടെ തോത്, കുടിവെള്ള ലഭ്യത, ഭൂഗർഭ ജലത്തിന്റെ വിതാനം, അവശ്യ വസ്തുക്കളുടെ വിലക്കയറ്റം എന്നിവ വിലയിരുത്തി. സംസ്ഥാനം മൊത്തത്തിൽ വരൾച്ചാബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് 31-12-2012-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഓരോ ജില്ലയിലേയും വരൾച്ചാ

ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ഈ യോഗങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തിവരുകയുമാണ്. ടാങ്കർ ലോറികൾ വഴി കുടിവെള്ള വിതരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിവരുന്നത്. വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നിവയുടെ പദ്ധതികൾ പ്രസ്തുത വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ നൽകിവരുന്നു. 2013 ജനുവരി 4-ന് ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസിംഗ് വഴി വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് ജനുവരി 18-ന് വീഡിയോ കോൺഫറൻസിംഗ് നടത്തി സ്ഥിതി പുനരവലോകനം ചെയ്യുകയും ജില്ലാകളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. 2013 ജനുവരി 23-ന് വരൾച്ച നേരിടുന്നതിനുവേണ്ടി തീരുമാനങ്ങളെടുക്കുന്നതിലേയ്ക്കായി ക്യാബിനറ്റ് യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. വരൾച്ച നേരിടുന്നതിന് എല്ലാവിധ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം കുടിവെള്ളം ടാങ്കറുകളിലെത്തിക്കണമെന്ന് പറഞ്ഞു. ഇതിനൊടകംതന്നെ 85 കോടി രൂപ പതിനാല് ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്. അത്യാവശ്യം വേണ്ടുന്ന സ്ഥലങ്ങളിൽ നിശ്ചയമായും ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടികൾക്ക് ജില്ലാകളക്ടർ നേതൃത്വം വഹിക്കുന്നതാണ്. ജില്ലാകളക്ടമാർക്ക് പ്രത്യേക ഫണ്ടും അനുവ

ദിച്ചിട്ടുണ്ട്. ഏറ്റവും അത്യാവശ്യമായി ടാങ്കർ ലോറി എടുക്കേണ്ടി വരുമ്പോൾ പണം പെട്ടെന്ന് ചെലവഴിക്കുന്നതിനുവേണ്ടി പ്രത്യേകമായ ഫണ്ട് കൂടി ഈ അടുത്ത ദിവസം അനുവദിച്ചുകൊടുക്കുന്നുണ്ട്. വരൾച്ചയെ നേരിടുന്നതിനും പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. പണമുള്ളവർക്ക് മാത്രമേ വെള്ളം കിട്ടുകയുള്ളുവെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്കയ്ക്ക് വകയില്ല. പാവപ്പെട്ട ആളുകളുടെ കാര്യം ഈ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കും.

## കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, വയനാട് ജില്ലയിൽ നേരിടുന്ന കടുത്ത വരൾച്ചയുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ഒരുകാലത്തും കാണാത്ത വരൾച്ചയാണ് ഈ സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പുഴകളും തോടുകളും നെൽപ്പാടങ്ങളും കുടിവെള്ള സ്രോതസ്സുകളടക്കം വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മുള്ളംകൊല്ലി ഗ്രാമപഞ്ചായത്തിൽ 1993-2000 കാലഘട്ടങ്ങളിൽ ഉണ്ടായയതിനേക്കാളും രൂക്ഷമായ വരൾച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല പുൽപ്പള്ളി, മുള്ളംകൊല്ലി ഗ്രാമപഞ്ചായത്തുകളിൽ 250-300 കിണറുകൾ വറ്റിവരണ്ടു. ഈ പഞ്ചായത്തുകൾ ആശ്രയിക്കുന്നത് കബനീ നദിയിലെ ജലമാണ്. കബനീ നദി ഒരുതുള്ളിവെള്ളമില്ലാതെ വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, അവിടെ തടയണകൾ നിർമ്മിക്കാൻ കർണ്ണടക ഗവൺമെന്റ് അനുവദിക്കുന്നില്ലെന്നുള്ളതാണ് യഥാർത്ഥ്യം. ഈ കഴിഞ്ഞ രണ്ടാഴ്ചകൾക്ക് മുമ്പ് മുള്ളംകൊല്ലി ഗ്രാമപഞ്ചാ

യത്ത്-കുടുംബശ്രീ-സർവ്വകക്ഷി നേതാക്കളും വിവിധ സംഘടനകളും കൂടിച്ചേർന്ന് താൽക്കാലികമായി തടയണ നിർമ്മിക്കുകയും ആ തടയണകൾ രാത്രി കാലങ്ങളിൽ കർണ്ണാടക ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ള വർ പൊളിച്ചുകളയുന്ന സാഹചര്യവുമാണ് കാണാൻ കഴിഞ്ഞത്. കാവേരി നദീജല കരാർ അടിസ്ഥാനപ്പെടുത്തിയുള്ള ജലം കിട്ടുന്ന സാഹചര്യമാണ് അവിടെ ഉണ്ടാക്കേണ്ടത്. കാർഷിക മേഖലയിൽ കുരുമുളക് കാപ്പി ഉൾപ്പെടെ യുള്ള ഉൽപ്പന്നങ്ങൾ കരിഞ്ഞുപോവുകയാണ്. 2002 കാലഘട്ടങ്ങളിൽ ബഹു മാനപ്പെട്ട എ.കെ. ആന്റണി അവിടെ സന്ദർശിച്ച് മാസ്റ്റർ പ്ലാനൊക്കെ തയ്യാറാ ക്കിയതാണ്. കർണ്ണാടകയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളായതു കൊണ്ട് അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നട പടിയും ഉണ്ടായിട്ടില്ല. ഗവൺമെന്റ് വയനാട് ജില്ലയിലെ ഈ രൂക്ഷമായ വരൾച്ച പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ കമ്മിറ്റികൾ വിളിച്ചുകൂട്ടണം. ആ പ്രദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും സന്ദർശിക്കേണ്ടതാണ്. ജല സേചന വകുപ്പുമന്ത്രി ഒന്നുരണ്ട് തവണ അവിടെ വരികയും അവിടത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തതുമാണ്. പട്ടികവർഗ്ഗ കോളനി കൾ രൂക്ഷമായ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പട്ടികവർഗ്ഗ പദ്ധ തികളിൽ ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ കാലങ്ങളിൽ ഒട്ടനവധി കിണറു കളും വാട്ടർ സപ്ലൈ സ്കീമുകളുമെല്ലാം നിർമ്മിച്ചെങ്കിൽപ്പോലും ഒരുതുള്ളി വെള്ളംപോലുമില്ലാതെ കോളനികളിലെ കുട്ടികൾ ഉൾപ്പെടെയുള്ള കോളനി നിവാസികൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുടിവെള്ള പദ്ധതിക ളൊക്കെ അശാസ്ത്രീയമായി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ നിർമ്മി

ക്കുന്നുവെങ്കിൽ പരിശോധന നടത്തി വ്യക്തമായ നിലപാട് സ്വീകരിച്ച് അത്തരം ഉദ്യോഗസ്ഥന്മാരുടെ പേരിലടക്കം നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സംസ്ഥാനത്ത് മൊത്തത്തിൽ 25 ശതമാനം മഴയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ വയനാട് ജില്ലയിൽ 43 ശതമാനം മഴ കുറവായിട്ടുണ്ട്. അതുകൊണ്ട് അവിടത്തെ വരൾച്ച വളരെ രൂക്ഷമാണ്. ഈ പശ്ചാത്തലത്തിൽ വേണം അതിനെ കാണാൻ. അവിടെ അത്യാവശ്യം വേണ്ടകാര്യങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. മുള്ളംകൊല്ലിയിലെ വാട്ടർ സപ്ലൈ സ്കീം മാർച്ച് മാസം 9-ാം തീയതി ഉദ്ഘാടനം ചെയ്യുന്നതാണ്. കണിയാംപറ്റ, മാനന്തവാടി പുതിയ പദ്ധതിക്ക് തുടക്കം കുറിക്കുന്നു. കബനീ നദി വറ്റുന്നതിനെക്കുറിച്ച് പറഞ്ഞു. കബനീ നദിയിൽ ഒരു അണക്കെട്ടുണ്ടാക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. കാവേരി ട്രിബ്യൂണലിന്റെ അവാർഡനുസരിച്ച് ഏറ്റവുമധികം വെള്ളമെടുക്കാൻ കഴിയുന്നത് വയനാട് ജില്ലയിലാണ്. അതിനൊരു പശ്ചാത്തലമുണ്ടാക്കണം. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇടയ്ക്കിടെ വരൾച്ചാ പ്രശ്നത്തെക്കുറിച്ച് എന്നോട് സംസാരിക്കാറുണ്ട്. അദ്ദേഹത്തോട് എനിക്ക് പറയാനുള്ളത് കബനി നദിയിൽ ഒരു അണക്കെട്ടുണ്ടാക്കണം. അതിന്റെ ജലനിരപ്പ് കുറച്ച് താഴ്ത്തിയിട്ടാണെങ്കിലും അധിക സ്ഥലം മുങ്ങിപ്പോവുകയാണെങ്കിലും അത് വന്നാൽ മാത്രമേ മുള്ളംകൊല്ലി, പുൽപ്പള്ളി പ്രദേശങ്ങളിലെ വരൾച്ചയ്ക്ക് ഒരു പരിഹാരം കാണാൻ കഴിയുകയുള്ളൂ. സത്വരമായ എല്ലാ നടപടികളും

സ്വീകരിക്കുന്നതാണ്. ഞാൻ 9-ാം തീയതി വരുമ്പോൾ അത്യാവശ്യ കാര്യങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് വേണ്ടത്ര നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ പ്രധാനമായും കൃഷിയെ മാത്രം ആശ്രയിക്കുന്നത് വയനാട് ജില്ലയാണ്. ആ ജില്ലയെ വരൾച്ച വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഏകദേശം 63000 ഹെക്ടർ സ്ഥലത്ത് വരൾച്ച ബാധിച്ചതായാണ് അവസാന കണക്കുകൾ കാണിക്കുന്നത്. 700 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ചെയ്യാൻ കഴിഞ്ഞിട്ടില്ല. കുരുമുളക്, പച്ചക്കറി തുടങ്ങിയ കൃഷികളുടെയും അവസ്ഥ അതുതന്നെയാണ്. അതുകൊണ്ട് കർഷകർക്ക് വളരെ ദുരിതമുണ്ടായിട്ടുണ്ട്. എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച് അവിടെ സന്ദർശനം നടത്തുന്നുണ്ട്.

## സംരക്ഷണ ഭവനം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പ്രായമുള്ളവരും അതേസമയം ഉപേക്ഷിക്കപ്പെട്ടവരും മരണാസന്നരുമായ രോഗികളുടെ പ്രശ്നം കേരളത്തിൽ കൂടിവരികയാണ്. പ്രായാധിക്യമുള്ള രോഗങ്ങൾകൊണ്ട് ബുദ്ധിമുട്ടുന്നവരാണെങ്കിലും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടതില്ല എന്നുപറഞ്ഞ് വിവിധ ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്നവരുമുണ്ട്. മരുന്നും പരിചരണവും നൽകി സംരക്ഷിക്കുവാൻ ആളില്ലാത്തതുകൊണ്ട്

ആശുപത്രി വരാന്തകളിലും പരിസരത്തും അലഞ്ഞുകഴിയേണ്ടിവരുന്ന പാവപ്പെട്ട ഹതഭാഗ്യരുടെ എണ്ണം പെരുകിവരുന്നു. ഈ വിഭാഗങ്ങൾക്കുവേണ്ടി പല വികസിത രാജ്യങ്ങളിലും ആശുപത്രികളോടനുബന്ധിച്ച് സംരക്ഷണ ഭവനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇൻഡ്യയിൽ പ്രത്യേകിച്ച് സംവിധാനങ്ങൾ ഒന്നും നിലവിലില്ല. സമൂഹത്തിൽ വളരെയധികം സംഭാവനകൾ ചെയ്തതിനുശേഷം രോഗവും പ്രായവും നിമിത്തം ഉപേക്ഷിക്കപ്പെടുന്ന ഈ വിഭാഗത്തിന് രോഗപരിചരണവും സംരക്ഷണവും നൽകേണ്ടതുണ്ട്. ഇതിനുവേണ്ടി സാമൂഹ്യനീതിവകുപ്പ് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ഓരോ ജില്ലയിലും ഓരോ ആശുപത്രി കേന്ദ്രീകരിച്ച് പ്രത്യേക സംരക്ഷണ ഭവനം നിർമ്മിക്കേണ്ടതുണ്ട്. ഇതിന് സന്നദ്ധ സംഘടനകളുടേയും സഹായം തേടാവുന്നതാണ്. വൃദ്ധജനങ്ങളുടെ കുട്ടികളുടെ ജനസംഖ്യയെക്കാൾ കൂടുതലുള്ള സംസ്ഥാനമായ കേരളത്തിൽ ഇത്തരം ആളുകൾക്ക് സംരക്ഷണകേന്ദ്രം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമവും പഞ്ചായത്തും വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകുകയെന്നത് സാമൂഹ്യനീതിവകുപ്പിന്റെ നയമാണ്. പരിചരിക്കാൻ ആളില്ലാത്ത വയോജനങ്ങൾ എത്തപ്പെടുന്നത് മുതിർന്ന പൗരന്മാരെ പാർപ്പിക്കുന്ന വൃദ്ധസദനങ്ങൾപോലെയുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലാണ്. ഇത്തരം ആളുകളുടെ സംരക്ഷണത്തിന് സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരോ

പരിചരിക്കാൻ ആരുമില്ലാത്തവരോ ആയ മുതിർന്ന പൗരന്മാരെ പുനരധിവസിപ്പിക്കുന്നതിനായി ദുർബലവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം സന്നദ്ധസംഘടനകൾ നടത്തുന്ന തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ നിരക്കിൽ സാമൂഹ്യനീതി വകുപ്പ് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ പൊതുവായി 65 വയസ്സുമുതൽ 79 വയസ്സുവരെ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് പ്രതിമാസം 400 രൂപയും 80 വയസ്സിനുമേൽ പ്രായമുള്ളവർക്ക് പ്രതിമാസം 900 രൂപയും പെൻഷനായി നൽകിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്ക് സംവിധാനം ലാബോടുകൂടിയുള്ള മൊബൈൽ ക്ലിനിക് സൗകര്യം, വീട്ടിൽ നിന്ന് ആശുപത്രിയിലെത്തിക്കുന്നതിനുവേണ്ടിയുള്ള ആംബുലൻസ് സൗകര്യം വൃദ്ധരായ രോഗികൾക്ക് വീട്ടിൽ എത്തിയുള്ള പാലിയേറ്റീവ് കെയർ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്ന ‘വയോമിത്രം പദ്ധതി’ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ മുതിർന്ന പൗരന്മാരുടേയും മാതാപിതാക്കളുടേയും ക്ഷേമത്തിനും പരിരക്ഷയ്ക്കുമുള്ള നിയമപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി മെയിന്റ്നൻസ് ട്രിബ്യൂണലുകളും അപ്പലേറ്റ് ട്രിബ്യൂണലുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് വൈകല്യമുള്ളവരുടെ പുനരധിവാസം സംബന്ധിക്കുന്ന ഡിസ്ട്രിക്ട് ഡിസെബിലിറ്റി റിഹാബിലിറ്റേഷൻ സെന്റർ എന്ന കേന്ദ്രസർക്കാർ പദ്ധതി ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈകൊണ്ടുവരുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് വേണ്ടി

യുള്ള സംസ്ഥാന നയത്തിലും വയോജനങ്ങൾക്കുവേണ്ടിയുള്ള ആരോഗ്യ സേവനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. വികസിത രാജ്യങ്ങളിൽ ആശുപത്രിക ളോട് അനുബന്ധമായി ഇവിടെ മെമ്പർ സൂചിപ്പിച്ചതുപോലെ കൺവാലിസെന്റ് ഹോം ഉള്ളതുപോലെ ഇവിടെയും അത്തരത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കുന്നതിന് ഞങ്ങൾ ഗൗരവ്വപൂർവ്വം ആലോചിക്കുന്നുണ്ട്. അത് തീർച്ചയായും പരിശോധിച്ച് പരിഗണിക്കുന്നതാണ് എന്ന് മെമ്പർക്ക് ഉറ പ്പുനൽകാൻ ഈ അവസരം ഉപയോഗിക്കുന്നു.

## കോടഞ്ചേരി പി.എച്ച്.സി

ശ്രീ. സി. മോയിൻകുട്ടി: സർ, പല തവണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വലിയ ഗൗരവ്വതരമായ ഒരു വിഷയമാണ് ഈ സബ്മി ഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. തിരുവമ്പാടി നിയോജകമണ്ഡലമെ ന്നുപറയുന്നത് മലയോര കുടിയേറ്റ മേഖലയാണ്. അതിലെ ഗ്രാമപഞ്ചായ ത്തായ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുർബല വിഭാഗങ്ങളും എസ്.സി/എസ്.ടി വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ്. 1996–2001–ൽ കോടഞ്ചേരി പി.എച്ച്.സി.യിൽ കിടത്തി ചികിത്സ നിലവിലുണ്ടാ യിരുന്നു. അന്ന് ബഹുമാനപ്പെട്ട കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ആരോഗ്യ വകുപ്പുമന്ത്രിയും ഞാൻ അവിടത്തെ എം.എൽ.എ.യുമായിരുന്ന സന്ദർഭത്തി ലാണ് കിടത്തി ചികിത്സ ആരംഭിച്ചത്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട കോളനിയായ കോടഞ്ചേരി പഞ്ചായത്തിലെ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ സമീപകാലത്ത് നിർത്തിയിരിക്കുകയാണ്. ചികിത്സയ്ക്ക് മറ്റൊരു സംവിധാനവുമില്ല. താരതമ്യേന ദുർബലരും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരുമായ അവർക്ക് കിടത്തി ചികിത്സയ്ക്കുള്ള ഏക

ആശ്രയം ഈ ആശുപത്രി മാത്രാമാണ്. ഒരു പുതിയ ആവശ്യമല്ല ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇവിടെ കൂടുതൽ ഡോക്ടർമാരേയും സ്റ്റാഫി നെയും നിയമിക്കേണ്ടത് അനിവാര്യമാണ്. കൂടുതൽ പോസ്റ്റ് ക്രിയേഷനുള്ള ഫയൽ ഇപ്പോൾ ആരോഗ്യവകുപ്പിന്റേയും ധനകാര്യവകുപ്പിന്റെയും പരിശോ ധനയിലാണ്. ബഹുമാനപ്പെട്ട പട്ടിക വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലും ഞാൻ ഇക്കാര്യം പലവട്ടം കൊണ്ടുവന്നിട്ടുള്ളതാണ്. അതുകൊണ്ട് വളരെ അടിയന്ത രമായി അവിടത്തെ കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. ഈ ഫയൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമ ന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടെയും മേശപ്പുറത്താണുള്ളത്. വളരെ ഗൗരവ്വമായി ഈ വിഷയത്തിലിടപ്പെട്ടുകൊണ്ട് ഈ വിഭാഗത്തിനുള്ള ഏക ആശ്രയമായ ഈ പ്രദേശത്തെ പി.എച്ച്.സി.യിൽ കിടത്തി ചികിത്സാ സൗകര്യങ്ങൾ അടിയന്തരമായി അനുവദിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോടഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം 24 മണി ക്കൂറും പി.എച്ച്.സി.യായി പ്രവർത്തിച്ചുവരികയാണ്. ഈ പഞ്ചായത്തിലെ ജനസംഖ്യ 38971 ആണ്. ഈ പഞ്ചായത്തിൽ 8654 വീടുകളും 14 എസ്.ടി കോളനികളും നിലവിലുണ്ട്. 229 എസ്.ടി. വീടുകളും 943 എസ്.ടി ജനസംഖ്യയും നിലവിലുണ്ട്. ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 11 സബ്സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ സ്റ്റാഫ് പാറ്റേൺ അനുസ രിച്ചുള്ള മുഴുവൻ ജീവനക്കാരും നിലവിലുണ്ട്. ഈ ആശുപത്രിയുടെ സമീപ ത്തായി 8 കിലോമീറ്റർ ചുറ്റളവിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയും 10

കിലോമീറ്റർ ചുറ്റളവിൽ സി.എച്ച്.സി. മുക്കവും, 8 കിലോമീറ്റർ ചുറ്റളവിൽ പി.എച്ച്.സി. കൂടരഞ്ഞിയും പ്രവർത്തിക്കുന്നുണ്ട്. താമരശ്ശേരി താലൂക്ക് ആശുപത്രിയിലും, മുക്കം സി.എച്ച്.സി. യിലും കിടത്തി ചികിത്സയ്ക്കുള്ള സൗകര്യങ്ങളുണ്ട്. കോടഞ്ചേരി പി.എച്ച്.സി.യിലെ ശരാശരി പ്രതിദിന ഒ.പി. 90-നും 100-നും ഇടയിലാണ്. കോടഞ്ചേരി പി.എച്ച്.സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുവേണ്ടി അധികമായ ജീവനക്കാരുടെ തസ്തികകൾ ആവശ്യമുണ്ട്. അത് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## അരീക്കോട് സി.എച്ച്.സി.

ശ്രീ. പി. കെ. ബഷീർ: സർ, ഏറനാട് നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകൾ ഉൾപ്പെടുന്ന അരീക്കോട് ബ്ലോക്കിന്റെ ആസ്ഥാനമായ അരീക്കോടാണ് ടി ആശുപത്രി സ്ഥിതിചെയ്യുന്നത്. ഊർങ്ങാട്ടിരി പോലുള്ള പ്രദേശങ്ങളിലെ അൻപതോളം ട്രൈബ്സ് കോളനികളുള്ള ഒരു പ്രദേശത്തെ എല്ലാവരും ആശ്രയിക്കുന്ന ഒരു ആശുപത്രിയാണിത്. അടുത്തുള്ള റഫറൽ ആശുപത്രിയായ മഞ്ചേരി ജില്ലാ ആശുപത്രിയിലേയ്ക്ക് 18 കിലോമീറ്റർ ദൂരമുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് 45 കിലോമീറ്റർ ദൂരത്തുമാണ് ഈ ആശുപത്രി സ്ഥിതിചെയ്യുന്നത്. കിടത്തി ചികിത്സയ്ക്ക് 45 ബെഡ്ഡുണ്ട്. മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, പീഡിയാട്രിക് വാർഡ് അതുപോലെ ഒ.പി. ബിൽഡിംഗ്, ഒരു ആഡിറ്റോറിയം, ലേബർറൂം തുടങ്ങിയ സൗകര്യങ്ങളുമുണ്ട്. സി.എച്ച്.സി ആക്കിയെങ്കിലും സ്റ്റാഫ് പാറ്റേൺ നിലവിലില്ല. എൻ.ആർ.എച്ച്.എം.ൽ നിന്നുള്ള അഞ്ച് ഡോക്ടർമാരും പി.എസ്.സി. നിയമനം വഴിയുള്ള നാല് ഡോക്ടർമാരും എൻ.ആർ.എച്ച്.എം-ൽ നിന്നുള്ള

അഞ്ച് നഴ്സുമാരും പി.എസ്.സി. വഴിയുള്ള അഞ്ച് നഴ്സുമാരുമാണ് നില വിൽ ഇവിടെ സേവനമനുഷ്ഠിക്കുന്നത്. ഒരു താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങൾ അവിടെയുണ്ട്. ഈ അടു ത്തുകാലത്ത് ഒരു സാമൂഹിക പ്രവർത്തകൻ 6 ഡയാലിസിസ് മെഷീനുകൾ ആശുപത്രിയിലേയ്ക്ക് ഓഫർ ചെയ്യുകയുണ്ടായി. പക്ഷേ താലൂക്ക് ആശുപ ത്രിയായി ഉയർത്താത്ത സാഹചര്യത്തിൽ അവിടെ ഡയാലിസിസ് സെന്റർ തുടങ്ങാൻ സാധിച്ചിട്ടില്ല. അതുപോലെതന്നെ നിലവിൽ ട്രോമോകെ യർപോലുള്ള സൗകര്യങ്ങളില്ല. ഈ പരിമിതമായ സൗകര്യങ്ങൾക്കിടയിലും ടി ആശുപത്രിയിൽ ഇപ്പോൾ അൻപതിലധികം പ്രസവങ്ങൾ നടക്കുന്നുണ്ട്. ആയതിനാൽ അരീക്കോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താനുള്ള നടപടിയുണ്ടാകണമെന്നതാണ് എന്റെ സബ്മിഷനിലെ ആവശ്യം.

ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, അരീക്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ നാല് ഡോക്ടർ, ഒരു ഹെഡ്നഴ്സ്, അഞ്ച് സ്റ്റാഫ് നഴ്സ്, ഒരു ക്ലർക്ക്, ഒരു പ്യൂൺ, ഒരു ഫാർമസിസ്റ്റ്, മൂന്ന് നഴ്സിംഗ് അസിസ്റ്റന്റ്, രണ്ട് ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II എന്നീ ജീവനക്കാരാണുള്ളത്. അരീക്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സാമൂഹികാരോഗ്യ കേന്ദ്ര പാറ്റേണിലുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചില്ല. ഒരു താലൂക്ക് ആശുപത്രിയായി ഇതിനെ ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള സ്ഥല സൗകര്യം ഇപ്പോൾ ലഭ്യമല്ല. ആവശ്യ മായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് അരീക്കോടിനെ ഒരു

സാമൂഹികാരോഗ്യ കേന്ദ്രമായി നിലനിർത്തുന്നതാണ്. ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന കാര്യം പരിഗ ണിക്കുന്നതാണ്.

മി. സ്പീക്കർ: 12.30 മണിക്കാണ് ധനവിനിയോഗ ബിൽ എടുക്കേണ്ടത്. അത് അൽപ്പസമയത്തേയ്ക്ക് വേവ് ചെയ്യുന്നു.

## ഞാവളിൽകടവ് പാലം

ശ്രീ. എ. കെ. ബാലൻ: സർ, പാലക്കാട് ജില്ലയിലെ തരൂർ ഒറ്റപ്പാലം അസംബ്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൽകടവ് പാലം നിർമ്മിക്കന്നതിന് 13-09-2010-ലെ 1454/10/പി. ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഉത്തരവിൽ സ്പെഷ്യൽ സാങ്ഷനാണ് നൽകിയിരിക്കുന്നതെന്നും ഭരണാനു മതി നൽകിയിട്ടില്ലെന്നും ആയതിനാൽ ടെണ്ടർ നടപടികൾ തുടങ്ങാൻ കഴിയി ല്ലെന്നും പൊതുമരാമത്ത് ഉദ്യോഗസ്ഥന്മാർ നിലാപാടെടുത്തതിനാൽ ഇക്കാര്യ ത്തിൽ പിന്നീട് ഒരു പുരോഗതി ഉണ്ടായിട്ടില്ല. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷമാണ് പുതിയ ഈ കണ്ടുപിടിത്തം ഇപ്പോൾ വന്നി ട്ടുള്ളത്. സ്പെഷ്യൽ സാങ്ഷൻ കിട്ടിയാലും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ വേണമെന്നാണ് ഇപ്പോൾ പറയുന്നത്. പാലക്കാട് ജില്ലയിലെ വളരെ പ്രധാന പ്പെട്ട ഒരു പാലമാണിത്. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിൽനിന്നും ഒറ്റപ്പാലം

കെ.എസ്.ഡി.പി. റോഡിലേയ്ക്കും റെയിൽവേസ്റ്റേഷനിലേയ്ക്കും എളുപ്പ മാർഗ്ഗം സഞ്ചരിക്കുന്നതിന് ഈ പാലം നിർമ്മിച്ചാൽ സാധ്യമാകും. നിലവിൽ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല വഴി മാത്രമേ ഒറ്റപ്പാലത്തേയ്ക്ക് വരാൻ മാർഗ്ഗമുള്ളൂ. ഈ ദുർഘടയാത്ര ഒഴിവാക്കാൻ ഈ പാലം നിർമ്മാണത്തിലൂടെ കഴിയും. ജനങ്ങൾക്ക് വളരെ ആശ്വാസകരവുമാകും. ആയതിനാൽ ഞാവളിൽകടവ് പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകണമെന്നും തുടർനടപടികൾ ത്വരിതപ്പെടുത്തണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഒറ്റപ്പാലം-തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൽ കടവുപാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി 13-08-2012-ൽ നൽകിയിട്ടുണ്ട്. തുടർന്ന് ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ തയ്യാറാക്കുന്നതിനായി ചെന്നൈയിലെ സ്റ്റ്യൂബ് കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡിസൈനും തയ്യാറാക്കൽ പുരോഗമിച്ചുവരികയാണ്. ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞാൽ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതാണ്.

## കൂളിയാട്ടുകടവ് പാലം

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ കൂളിയാട്ടുകടവ് പാലത്തിന് അടിയന്തരമായി ഭരണാനുമതി നൽകണമെന്നാവശ്യപ്പെടുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 4-7-2012-ന്

ഈ വിഷയത്തെ സംബന്ധിച്ച് ഒരു സബ്മിഷൻ സഭയിൽ അവതരിപ്പിച്ച പ്പോൾ പാലം പണിയുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അങ്ങ് ഉറപ്പുനൽകി യിരുന്നതാണ്. എന്നാൽ 14.8.09-ന് 380 ലക്ഷം രൂപയ്ക്ക് ഭരണാനുമതി അന്നത്തെ ഗവൺമെന്റ് നൽകിയിരുന്നതാണ്. തുടർന്ന് 2 കോടി 40 ലക്ഷം രൂപയ്ക്ക് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 620 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനായി 28-6-12-ന് സർക്കാരിലേയ്ക്ക് അയച്ചിരുന്നു. കഴിഞ്ഞ 8 മാസമായി ഞാൻ ഈ ഫയലിന്റെ പുറകേ നടക്കു കയാണ്. പി.ഡബ്ല്യു.ഡി.-യിലും ധനകാര്യ വകുപ്പിലുമായി ഫയലിനെ തട്ടിക്ക ളിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് രണ്ട് കത്തുകൾ ഇതി നകം ഞാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് നൽകുകയുണ്ടായി. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ഫയൽ ധനകാര്യ വകുപ്പുമന്ത്രിക്ക് അയച്ചുകൊ ടുത്തു എന്നുള്ള വിവരം കിട്ടി. ധനകാര്യ വകുപ്പുമന്ത്രിയുടെ ആഫീസിൽ അന്വേഷിക്കുമ്പോൾ ഫയൽ കാണാനില്ല എന്നുള്ള മറുപടിയാണ് കിട്ടുന്നത്. ധനകാര്യ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കാൻ വേണ്ടിയാണ് പറയുന്നത്. അങ്ങേയ്ക്ക് രണ്ട് കത്ത് ഞാൻ ഇതിനകം നൽകിയിരുന്നു. അതിന്റെ മറുപടി യൊന്നും നൽകിയിട്ടില്ല. അതുകൊണ്ട് ഈ ഫയലിനെക്കുറിച്ച് അന്വേഷിച്ച് അടിയന്തരമായി ഈ പാലം പണിക്ക് ഭരണാനുമതി നൽകണം. ഇനി ഒരു റേറ്റ് റിവിഷൻ കൂടി വന്നാൽപാലം പണിക്ക് അത് ബുദ്ധിമുട്ടാകും. അങ്ങനെ യാക്കരുതെന്നുള്ള ഒരഭ്യർത്ഥനയാണ് എനിക്ക് പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി യോടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കാനു ള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഗായത്രി പുഴയ്ക്ക് കുറുകെ കുനിശ്ശേരി -കോട്ടക്കുളം റോഡിൽ കൂളിയാട്ടുക ടവിൽ പാലം നിർമ്മിക്കുന്നതിന് സ്റ്റിമുലസ് പാക്കേജിൽ 380 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് നൽകിയ ഇൻവെസ്റ്റിഗേഷൻ പ്രകാരം 3 സ്പാനുകളോടുകൂടിയ പാലത്തിന്റെ ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. 2010 എസ്.ഒ.ആർ. പ്രകാരം 620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പക്ഷെ 2012-ലും റേറ്റ് റിവിഷൻ വന്നതുകൊണ്ട് ഏകദേശം 775 ലക്ഷം രൂപയുടെ പുതുക്കിയ ഭര ണാനുമതിയാണ് നൽകേണ്ടത്. ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അതിനുള്ള നടപടി സ്വീകരിക്കാം.